DR. P. C. PILLAI,
VANCHIYOOR, TRIVANDRUM.

രാജ്യഭക്തൻ.

P. C. Pillai, Vanchiyoor
Trivandrum.
19/7/1108.

Amsi K. Raman Pillai,
കണ്ണങ്കര.

DR. E. C. STILLMAN
VANCOUVER, B.C. CANADA

DR. P. C. C. PILLAI,
VANCHIYOOR, TRIVANDRUM.

രാജ്യഭക്തൻ.

BY

Amsi K. Raman Pillai,

കണ്ണങ്കര.

[-ാംപതിപ്പു കാപ്പി 1000.

V. V. Press Branch, Trivandrum.

1103.

Copy right reserved] [൧ അണ.

DR. P. C. C. PILLAI,
VANCHIYOOR, TRIVANDRUM.

ശുദ്ധിപത്രം.

വരി	അശുദ്ധം	സുദ്ധം
മുഖവുര	വീരാരാധാന	വീരാരാധനാ
	പുരാത്ര	പുരാവൃത്തത്തെ
1	ആദവ്യ	ആദിവ്യ
6	ഉള്ളം	ഉള്ളം
7	അങ്ങ	അങ്ങുമൊര
10	മിക്കവൂ	മിക്കവുമെല്ലാം
11	ചരമഞ്ഞുടൻ	ചമെന്നുടൻ
14	അയാളുടെ	ആയാളുടെ
,,	സപരക്ഷ	സ്വയംരക്ഷ
15	പുത്തിനാൻ	പുത്തിതാൻ
20	വരവിടിത്തു	വരുപ്പിടിത്തു
,,	നല്ലവാളും	നല്ലടവാളും
21	പരച	പരിച
23	അട്ടേഗം	അട്ടേഹം
24	പവതി	പവനി
,,	കവാചം	കവചം
25	സനിക്കാമോ	വ്യസനിക്കാമോ
,,	മാതാവു്	മാതാവും
,,	പരിശ	വരിശ
27	പൊരുതാൻ	പൊരുതാൽ
,,	നമ്മക	നമ്മകി
29	കൊലുമൈ	കൊലുവൈ
30	ഇശൈത്തു	ഇശൈത്തു
34	ഇതത്താൻ	ഇതത്താൻ
37	വട്ടക	വട്ടക
40	തലയിലെൻറു	തലയിതെൻറു
43	ആയിഴയോ	ആയിഴയേ
45	ചട്ടലാ	ചട്ടലം
51	വീരപ്രസൂനു	വീരപ്രസൂ
54	രത്ത കൊല്ലത്തിനു	17 കൊല്ലത്തിനു

DR. P. C. C. PILLAI,
VANCHIYOOR, TRIVANDRUM.

മുഖവുര.

എതിരഭിപ്പില്ലാത്ത വിവാഹമുണ്ടോ; മുഖവുരയില്ലാത്ത പ്രസിദ്ധീകരണവുമില്ല. മനുഷ്യനു മനുഷ്യൻതന്നെയാണു് ശ്രേഷ്ഠമാതൃക. "എവരാത്മജനാവനപ്രതത്താൽ, ഭുവനം പാവനമാക്കി വാണിടുന്നു; അവരാണുലകത്തിൽ വാനവന്മാർ" ഇമ്മാതിരി മനുകുലതിലകങ്ങളായവരുടെ കഥകൾ പറകയും, ദൃശ്യമാക്കുകയും പാടുകയും, പണ്ടേനടപ്പാണു്. ഇപ്രകാരം വീരാരാധനപരമായ് ഉണ്ടായ ഒരു പുരാതന കവനമാണു്. ഇരവിക്കുട്ടിപ്പിള്ള പടപ്പാട്ടു (കണിയാകുളത്തുപോരു) തിരുവിതാംകൂറിലെ സ്പാർട്ടായുദ്ധമായിരുന്ന "കണ്ടവൻ കൊള്ളയും കണിയാകുളത്തുപോരും" ഈ തെക്കൻ പഴഞ്ചൊല്ലിൽ ഒളിഞ്ഞുകിടക്കുന്ന യുദ്ധചരിത്രമത്രേ നമ്മുടെ ഇതിവൃത്തം. നാഞ്ചിനാട്ടിലും മറ്റും വമ്പിച്ച കൊള്ളകളുണ്ടാക്കീട്ടു കണിയാകുളത്തുവെച്ചു പടയേറ്റം നടത്തപ്പെട്ടതിന്റെ സ്മരണനിമിത്തം പ്രസ്തുതപഴഞ്ചൊല്ലു ഏർപ്പെട്ട വശായി. തച്ചൊള്ളിപ്പാട്ടുകൾക്കു ഉത്തരദിക്കിൽ ലഭിച്ചിട്ടുള്ള പഴക്കവും പ്രശസ്തിയും സാമാന്യമല്ലല്ലോ. തത്തുല്യസ്ഥാനം ഈ പടപ്പാട്ടിനു് ഇങ്ങോട്ടും ഉണ്ടായിട്ടുണ്ടു്. പുരാവൃത്തത്തെ സ്പഷ്ടമാക്കുന്നതുകൂടാതെ അന്നത്തെ ഭാഷാസാഹിത്യത്തിന്റെ സ്ഥിതിഗതികളെയും വിശദമാക്കുന്നു, യുദ്ധസംഭവത്തിനടുത്ത കാലത്തുണ്ടായ കവിതയാണെന്നതിനു സംശയമില്ല: കവി ഇന്നാരാണെന്നു സൂക്ഷ്മമായറിയാൻപാടില്ല. തികഞ്ഞവ്യുൽപ്പത്തിയും ലോകപരിജ്ഞാനവും സിദ്ധിച്ച ആളാണെന്നു കവിത തെ

ളിയിക്കുന്നു. അക്കാലത്തു തുരുതുരക്കവിതകൾ എഴുതിക്കൂട്ടുന്ന കൂട്ടർ കുറുമാണല്ലോ. കവികൾക്കും പീരങ്കരുണാരസങ്ങളെ മുഖ്യമായ് വരിച്ചതു കഥാമദ്ധ്യത്തിന്റെ ഔചിത്യം ഓർത്തായിരിക്കണം. ഈ കൃതി ആകൃതിയിൽ ചെറുതാണു എങ്കിലും മൂന്നൂറാണ്ടത്തെ പ്രായവേഷമാറ്റങ്ങളെ തിരിച്ചറിഞ്ഞു നിജരൂപം കാണ്മാനും, പൂർവ്വസ്ഥാനങ്ങളെ ഉള്ളവണ്ണമറിയാനും കുറഞ്ഞൊരുനാളത്തെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു. നായന്മാരുടെ അവാന്തരവിഭാഗങ്ങൾക്കു. കിരിയം, ഇല്ലം, സ്വരൂപം, എന്നെല്ലാം പേരുപിടിയുള്ളവയിൽ കിരിയം എന്നവകക്കാർ വടക്കോട്ടാണധികം. കിരിയം, ഗൃഹം എന്നതിന്റെ തദ്ഭവമാണെന്നും ഗൃഹസ്ഥ (തറവാട്ട) നായർ, പുരാതന ജന്മികൾ,ആണെന്നും വിചാരിക്കുന്ന ഒരു പക്ഷക്കാരുണ്ട്. കിരിയം എന്നപദത്തിനു് കണ്ണാടകഭാഷയിൽ സോദരീപുത്രക്രമുള്ളവർ എന്നർത്ഥമുള്ളതായും കണ്ണാടകസംപർക്കമുള്ള ഉത്തരകേരളീയർക്കിങ്ങനെ വഴുനാമം സിദ്ധിച്ചതായും വ്യവഹരിക്കപ്പെടുന്നു. തെക്കൻ ദിക്കേളിൽ ഇല്ലം, സ്വരൂപം, തമിഴ്പാടം ഇത്യാദിപിരിവുകളെ കണക്കുകൂട്ടുകയും, ഇല്ലത്തു നായരെ ഒന്നാംപട്ടികയിൽ കൊള്ളിക്കയും ചെയ്തിരുന്നു. ഇല്ലത്തുനായന്മാർ ആശ്രിതവാത്സല്യത്താൽ മതി മറന്നിരുന്നു. അതിനാൽ മിത്ഥ്യാബോധ കോടാലിപ്രയോഗത്തിൽ ഭ്രമിച്ചുപോയിരിക്കാം. തമിഴ്നാട്ടിനടുത്ത സ്ഥിരവാസികളും ഭ്രസ്വത്തുടമസ്ഥന്മാരുമായിരുന്നതിനാൽ ഇല്ലം- വീട്ട-കാർ എന്നവാളിക്കപ്പെട്ടു.പൂർവ്വകാലത്തു നായന്മാരേ വീട്ടുപേരു് എഴുത്തുകുത്തുനടത്തിയിരുന്നുള്ളൂ. ഇല്ലം-വീട്ട് എന്നുള്ളതിനു "ഇല്ലത്തിന്നന്നതിം തേ വിതരതു നിതരാം" (ഉണ്ണുനീലിസന്ദേശം) തുടങ്ങിയ പ്രാചീനപ്രയോഗം കാണ്ക. മുൻപറഞ്ഞ നായർ വഴുങ്ങളുന്യോന്യം അടിയറ തീർത്തോ അനുവാദത്തിന്മേലോ ആഭിജാ

ത്യാരോഹണവും അവകാശങ്ങളും കൈക്കൊണ്ടിരുന്നു. നായന്മാരുടെ ആദിമാവസ്ഥയിൽ മക്കത്തായമായിരുന്നെന്നനുമാനിക്കൻ ന്യായങ്ങളും കാണുന്നു. നാട്ടിനുവേണ്ടി പുരുഷന്മാർ പടവെട്ടുകയും ചാവേർക്കുകയും സ്ത്രീകൾ ഗൃഹഭരണം നടത്തുകയും കുടുംബവൃദ്ധിക്കുവേണ്ടി പുനർവിവാഹിതകളാകേണ്ടിയും വന്നു. ഏകയോഗനിലനില്പിനായിട്ടു അപ്പോൾ മുതൽ മരുമക്കത്തായം സ്വീകൃതമായി. വിവാഹത്തിനു പൂർവദശയിൽ താലികെട്ടുകതന്നെയായിരുന്നു. പുനർവിവാഹത്തിനു വസ്തുദാനം മതിയായിരുന്നു. ഇതു പിന്നീടു രണ്ടു പ്രത്യേക ചടങ്ങുകളായിട്ടും നിരർത്ഥകമായിട്ടും പരിണമിച്ചു. മക്കത്തായികളും വിവാഹത്തിനു ചേലയും താലിയും വധുവിനു നൽകണം. നായന്മാരും ഇക്കാര്യത്തിൽ വ്യത്യസ്ഥം അനുഷ്ഠിച്ചിരുന്നില്ല. നാഞ്ചിനാട്ടകാരായ തമിഴ്പാടക്കാർ (മരുമക്കവഴി വെള്ളാളർ) വധുവിനു ഋതുമതിയായശേഷം താലികെട്ടിവരിക്കുക ഇന്നും നടപ്പാണു്. രണ്ടാം കൈക്കാണെങ്കിൽ ചേലകൊടുക്കേയുള്ളൂ. ഈ നടപ്പുതന്നെ നായന്മാരും കൈക്കൊണ്ടിരുന്നു. നായന്മാർ അവരവണ്ണരോ, നാല്ലാലികളോ ആണെന്നു വിചാരിക്കുന്നവരിപ്പോഴുമുണ്ടായിരിക്കാം. നായന്മാർ ശൂദ്രഠാവിഡവർഗ്ഗക്കാരാണെന്നു ഈ പ്രബന്ധവും സമർത്ഥിക്കുന്നു. നായർസ്ത്രീകൾ ചേലകെട്ടുകയും തമിഴരുപയോഗിക്കുന്ന ആഭരണങ്ങൾ ധരിക്കുകയും ഏതാണ്ടു 60-കൊല്ലത്തിനു മുൻപുവരെ സഹജമായിരുന്നു. വിവാഹമണ്ഡപത്തിൽ വധുവിനെ നായിക്കുന്ന തോഴിക്കു സമ്മാനിക്കുന്ന "അമ്മായിച്ചേല" പടിഞ്ഞാറം ഇന്നും നടപ്പിലിരിക്കുന്നു. സ്ഥാനമാനങ്ങളും നാഞ്ചിനാട്ടുകാർക്കു തുല്യമായ് കൊടുക്കപ്പെട്ടിരുന്നു. ഈ വക സാദൃശ്യങ്ങൾ ഓർത്തിട്ടായിരിക്കാം വേത്തലുമ്പിടളവാ വെള്ളാളനെന്നു കുറച്ചു മുമ്പു് ഒരു അഭിപ്രായ ഭേദമുണ്ടായതു്. മേല്പറഞ്ഞ ആചാ

രങ്ങൾ സർവ്വത്ര വ്യാപിച്ചിരുന്നതായ് വരാം. ഇരവിക്കുട്ടിപിള്ള യുടെ കുലഗൃഹിണി, 'മംഗല്യം ഇഴപൊരുകി മടിമേൽ വിഴ ക്കണ്ടതും' 'പഞ്ചരത്നച്ചേലതന്നെ കൊയ്യട്ടത്തതും,' നാട്ടനട പ്പുരസരിച്ചായിരിക്കണം. ഇനിചില ഒരുതന ചരിത്രകാരന്മാർ ഊഹിക്കും വണ്ണം 'നായർ' എന്നപദം സ്ഥാനത്തെകുറിക്കുന്ന തല്ല. ജാതിനാമത്തെയാണു സൂചിപ്പിക്കുന്നതു. നായർ സ്ഥാന പേരുകളാവിതു "ചെൺപകരാമൻ" "കണക്കു" "തിരുമുഖത്തു കണക്കു" "ശ്രീകരണം പള്ളിയാടി" "നായനാർ" "ന മ്പിയാർ" "കയ്മൾ" "കർത്താ" "പണിക്കർ" "കുറുപ്പു" "മേ നോൻ" "അശാൻ" "പിള്ള" "തമ്പി" മുതലായവയാകു ന്നു. പയിറുകഴിഞ്ഞു പട്ടാളത്തിൽ ചേർവക്കു നായർ ബിരുദം കൊടുക്കപ്പെട്ടതാണെന്ന വാദവും ശിഥിലം തന്നെ. പണ്ടു പട്ടാളത്തിൽ ചേരുന്നവരിക്കപ്പെട്ടിരുന്നിട്ടില്ലാത്ത വരും, നായർ എന്ന വർഗ്ഗീയനാമത്തിനു വശംവദരായിരു ന്നു. നായർവ്യക്തികളെ ചിന്തിച്ചാൽ മതിയാകും. "ചത്തമരനായരേ സൂക്ഷിച്ചു നില്ക്കണേ" (നായാട്ടു പാട്ടു) "മണ്ണച്ചിക്കു മരനായർ" (പഴഞ്ചൊല്ലു) ആദിയായ വകളെ യും ക്ഷേത്രവാഴ്ചകളെയും ഗണനിച്ചാൽ വാസ്തവമറിയാം. നായന്മാർ നാകരോത്ഭവന്മാരെന്നു പ്രകൃതപദ്ധ്യവും തെളിയി ക്കുന്നുണ്ടു. "നാകക്കുറിയഴകോ, നമസ്കാരപ്പൊട്ടഴകോ" എന്ന ഭാഗം നോക്കുക. ഇങ്ങനെ സമുദായം, ആചാരം, വിശ്വാസം, രാജഭക്തി, സ്വാതന്ത്ര്യം, സാഹിത്യം, തുടങ്ങിയ കേരളചരിത ത്തിന്റെ ആയക്കെട്ടു മുതലുകൾ പലതും ഈ ഓലപ്രമാണ ങ്ങൾ വഴിനമുക്കു സിദ്ധിക്കുന്നു. സാഹിത്യരസാസ്വാദന ത്തിനു് അനുയോജ്യമായ കാവ്യമൃതം ഈ ഗീതത്തിൽ കവി ഉപഗ്രഥനം ചെയ്തിട്ടുള്ളവ ചുഴിഞ്ഞുനോക്കുന്നവർക്കു ഗ്രാഹ്യ മാകും. ചുറുപാടുകളുടെ സ്ഥിതിയറിഞ്ഞ ഇരവിക്കുട്ടിപ്പി

ള്ളയുടെ മാതാവ് ആ സമയം പടയ്ക്കു പോകരുതെന്നു നിർബ
ന്ധിച്ചതു, നീതിയല്ലെന്നു, മകൻ യാത്രയ്ക്കൊരുങ്ങിയതറിഞ്ഞു്,
"വെന്തഴന്തങ്കുയിൽ മെഴുകുപോൽ വിരൈന്തോടിയേതായാരു
മുൻചെല്ല" പുത്രവിയോഗവ്യഥയിലാണ്ട മാതൃഹൃദയത്തെ തപ്ത
മായ മെഴുകിനു സാമ്യപ്പെടുത്തിയിരിക്കുന്നതു് അനുഭവൈകവേ
ദ്യമാണല്ലോ. യുദ്ധത്തിനു ആനപ്പടയിറക്കിയതിനെപ്പററി
"മാലയിരുൾ പോലെ ചില വാരണങ്കൾ മുന്നടക്ക"
എന്നു വർണ്ണനയുണ്ടു്. വൈകുംനേരത്തെ ഇരുട്ടു
ഒന്നിനൊന്നു വർദ്ധിച്ചു വരുന്നതുപോലെ തടിച്ചുകൊഴുത്ത ആ
ആനകൾ അഹമഹമികയോടെ അണിനിരന്നു പോയതി
ന്റെ ഭംഗിയും യേങ്കരതാവും വ്യഞ്ജിപ്പിക്കുന്നതു് എത്ര രമ്യമാ
യിരിക്കുന്നു. പണ്ഡിതവരേണ്യന്മാർ എടുത്തു വിളമ്പേണ്ട രസ
വിവേകത്തെ ഞാൻ അശുദ്ധപ്പെടുത്താതിരിക്കുന്നതല്ലേ നന്നു.

എന്റെ നന്മക്കെല്ലാം ആസ്പദമായ—ഈശ്വരി—ലക്ഷ്മി—
അമ്മയിൽനിന്നും ഞാൻ ഗ്രഹിച്ചിട്ടുള്ള പഴമകളാണു എന്നെ
ഈ സാഹസത്തിനൊരുമ്പെടുവിച്ചതു്. പ്രത്യേകം ശ്രദ്ധേയമാ
കേണ്ട പദ്യഖണ്ഡങ്ങളെ ഉദ്ധരിക്കയും മറ്റു ഭാഗങ്ങളെ സം
ക്ഷേപിക്കയും വാസ്തവാനുസൃതം ചെയ്തിട്ടുള്ളതല്ലാതെ എന്റെ
കല്പിതകഥയായിട്ടൊന്നും പ്രസ്താവിച്ചിട്ടില്ല.

ക്രമീകരണവിഷയത്തിൽ "ചിരട്ടയിലെ വെള്ളം ഉറു
ഞ്ഞിനു സമുദ്രം" എന്നപോലെ സേവനധർമ്മങ്ങൾ എന്നെ
സൈരസഞ്ചാരത്തിനനുവദിച്ചിരുന്നില്ലെന്നു സമ്മതിക്കുന്നു.
ക്ലേശങ്ങളെല്ലാം നീങ്ങി സ്വസ്ഥമായിരിക്കുക മനുഷ്യജീവിത
ത്തിൽ ദുർല്ലഭമാകയാൽ യഥാവസരം യഥാശക്തി ചെയ്യണമെന്ന
ന്യായത്തെ പിൻതുടർന്നു. എന്റെ അന്തസ്സാരം എങ്ങനെ
യെങ്കിലും പുറത്താകുന്നതിനു ശീഘ്രതലത്തെ കണ്ണോടിയെന്ന

വിധം തെളിച്ചുകാട്ടാൻ കൈയയച്ച പ്രകൃതിയുടെ വികൃതിയെപ്പറ്റി എന്തുപറയട്ടെ! ദേശീയസാഹിത്യത്തിന്റെയും, പ്രഖ്യാത ചരിത്രപുരുഷന്റെയും രൂപം ഏതാണ്ടെങ്കിലും സാഹ്ലാദയന്മാക്ക് സന്ദർശകയോഗ്യമായ് ഭവിക്കുന്നുണ്ടെങ്കിൽ ഞാൻ ചരിതാർത്ഥനായി. സച്ഛാരകന്മാരെ നമസ്കാരം.

കണ്ണങ്കര,
അംശി
9—1—103.

പ്രകാശകൻ.

ശ്രീ

രാജ്യഭക്തൻ.

ചരിത്രരേഖകളേയും സംഭാഷണങ്ങളേയും സൂക്ഷിക്കുന്ന വിഷയത്തിൽ ഭാരതീയർ ഉദാസീനന്മാരായിരുന്നതിനാൽ നമ്മുടെ പൂർവ്വസ്ഥിതികൾ പലതും പരസ്പരവ്യത്യാസമായും വാസ്തവവിരുദ്ധമായും അന്യദേശീയർ മുഖേനയും നാമറിഞ്ഞു പോരുന്നതുകൊണ്ടിരിക്കുന്നതു് അനുഭവപ്പെടുന്നുണ്ടല്ലൊ. വിദേശികളുടെയെങ്കിലും പണിപ്പെട്ടില്ലെങ്കിൽ നമ്മുടെ ചരിത്രം സർവ്വത്ര പൂജ്യമായി ഭവിക്കുമായിരുന്നു. ഏതൊരു ദേശാഭിമാനിക്കും വീരപുരുഷന്മാരും, രാജഭക്തന്മാരും, സമുദായസ്നേഹികളും കിടനില്ക്കുന്നതുകൊണ്ടു പുരുഷാർത്ഥം ഒട്ടധികം നമ്മുടെ മാതൃഭൂമിയിൽ പരിലസിച്ചിട്ടുള്ളതു കാലാന്തരത്തിലുള്ളിൽ പെട്ടുകനിമിത്തം നാം വിദേശീയരായ ദേശഭക്തന്മാരുടെ ചരിത്രങ്ങളെയും നമ്മിൽനിന്നുമകന്ന സ്വഭാവസ്ഥിതികളേയും പ്രകൃതിവിധാനങ്ങളേയും കാണാപ്പാഠം ചെയ്യുകാലംകഴിക്കേണ്ടതായ വസ്തുത സർവ്വവിദിതമാണു്. പൗരാണികവഞ്ചിരാജ്യമായ കേരളത്തിരുവിതാംകൂറിലേ പൂർവ്വനിവാസികളും അവരുടെ കുടുംബങ്ങളും ദേശക്ഷേമത്തിനു വേണ്ടി വ്യയിക്കുന്നുവെന്നും, ദേഹപ്രാണങ്ങളുപേക്ഷിച്ചും മൈനന്ദിനം വർത്തിച്ചിരുന്ന പുരുഷന്മാരാണെങ്കിൽ പൌരുഷം, പരോപകാരം, കൃത്യനിഷ്ഠ, വിധേയത്വം, ദേശാഭിമാനം സമുദായോന്നമനം, ത്യാഗശീലം തുടങ്ങിയ ഉൽകൃഷ്ടഗുണങ്ങൾ ഇവിടെ നിന്നു ദേശാന്തരഗമനം ചെയ്തതല്ലയോ എന്നു തോന്നും. ആ ഭവ്യവിചാരത്തോടെ ചില

ാമികളാണ നാം. നമ്മുടെ ജന്മഭൂമിയിലെ പാംസുക്കൾ പോലും പരിപാവനമല്ലെ? എന്നിങ്ങനെ നമ്മെ ആശ്ചര്യ്യ പരതന്ത്രരാക്കത്തക്ക ചരിത്രനിക്ഷേപങ്ങൾ സ്ഥാപിതമായിട്ടണ്ട്. നിരീക്ഷണപരീക്ഷണം ചെയ്യാത്ത വീഴ്ചയാണ വെറും കൈയായി നിലകൊള്ളിക്കുന്നതു്. കേരളത്തിന്റെ ആദിമാവസ്ഥകൾ ദക്ഷിണഭോഗത്താണടിഞ്ഞു കിടക്കുന്നതെങ്കിലും ഗൌരവത്തിനനുസരിച്ചു ഗൌനിക്കപ്പെടാത്തതിനാൽ കാലാഹരണത്തിൽ പെട്ടുപോകുന്ന ഇന്നാട്ടുവഴക്കം ശ്രദ്ധായുക്തമാകുന്നതായാൽ അപൂർണ്ണവും അസ്പഷ്ടവുമായ സ്വരാജ്യചരിത്രം വിപുലമായി ഭവിക്കുന്നതാണ്. നമ്മുടെ ചരിത്രബോധം എത്രയോ കൌതുകകരവും ആദർശസമ്മളിതവുമായിരിക്കും. ദേശവർഗ്ഗഭേദ സങ്കലിതമായ കല്പിതകഥകളെല്ലാം തിരുവിതാംകോടിന്റെ അതിർത്തിക്കപുറമെ അഭയം പ്രാപിക്കേണ്ടിവരും. സ്വതന്ത്രാധിപത്യമുണ്ടായിരുന്ന പണ്ടെക്കാലത്തു നമ്മുടെ പൂർവ്നായകന്മാർ സദാ യുദ്ധത്തിനു ബദ്ധകങ്കണരായി ജീവനേ തൃണവൽഗണിച്ചു രാജ്യരക്ഷയ്ക്കു പഡ്ഗപാണികളായി ദേഹം അനിത്യമെന്ന വേദാന്തം ഉരുക്കഴിച്ചു ജീവിതം നയിച്ചിരുന്നു. അക്കാലത്തെ ഭുജവിക്രമികൾ അയൽ രാജ്യങ്ങളേ കീഴടക്കുകയും വിദേശിയരിങ്ങോട്ട് ആക്രമിക്കയും കൊള്ളയടിക്കയും ചെയ്യുമ്പോൾ ജയാപജയങ്ങളേ പ്രാപിക്കയും ചെയ്യുക സാധാരണമായിരുന്നു. ഈ നയം അന്നു തെക്കൻ തിരുവിതാംകൂറിനെ ഒരിക്കലും ഒഴിച്ചുവിട്ടിരുന്നില്ല. പാണ്ഡ്യപ്പട, —മധുരനായിക്കന്മാരുടെ- കൂടക്കൂടെ ഇദ്ദേശങ്ങളെ ആക്രമിച്ചു കീഴടക്കുകയും വിട്ടുപോവുകയും ൻരുവതെ അനസ്യൂതമായി നടന്നിരുന്നു. അന്നത്തെ രാജധാനി പദ്മനാഭപുരത്തിനടുത്ത പുലിയൂക്കുറിച്ചിയാണ്. ഈ പ്രകൃതം അവിടെ നിന്നാണ് ആരംഭിച്ചതു്.

പണ്ടുപോൽ വഞ്ചിവേന്തൻ പരിചിനോടൻ കല്ലുളത്തിൽ
അണ്ടർകോമാനെപ്പോററി അവനിയാണ്ടിരിക്കുംകാലം
തിണ്ടാടിരാമപ്പയ്യൻ സേനാപതൈനപടൈതട്ടഴിന്തു
അൻറുകോൻ പണകുടിയിൽ ഇരുന്ത പടൈ ശേകരിത്താർ.

൧) വഞ്ചിമന്നവൻകല്ലുളം പുലിയൂക്കുറിച്ചിയിൽ അധിവസിച്ചു്, ഈശ്വരധ്യാനനിരതനായി രാജ്യഭാരം നടത്തിക്കൊണ്ടിരിക്കുമ്പോൾ ആരുവാമൊഴിക്കോട്ടയ്ക്കപ്പുറമായുള്ള പണകുടിയിൽ രാമപ്പയ്യൻ എന്ന സേനാപതി പാളയമടിച്ചു സൈന്യശേഖരം ചെയ്തു.

ഉദ്ധൃതമായ പദ്യദീപം അന്ധകാരമയമായ അതീതകാലങ്ങളിലേ ചരിത്രപാഥയിലേക്കു വഴി കാട്ടുന്നു. ഇതു പണ്ടു ദേവാലയങ്ങളിൽ പാടിവന്നതിനാൽ ഒരു നല്ല സ്ഥാനം കൈക്കൊണ്ടു. പിന്നീടു മന്ദപ്രകാശിതമായി ഭവിച്ചതാണു്. തൊട്ടതിനെല്ലാം എന്തെന്നറിയാതെ പരിഷ്കാരം കടന്നുകൂടുന്ന ഇക്കാലത്തു് ഈ വക പാട്ടുകൾക്കും പ്രബലമായ അക്കമീക്കങ്ങൾ നേരിടുവിച്ചിട്ടുണ്ടു്. പുതിയ വേഷപ്പകച്ചു് ആവശ്യമുണ്ടെങ്കിലുമില്ലെങ്കിലും നടപ്പിലായിത്തീർന്നു. ഗദ്യനകവനങ്ങൾ ചേർന്ന ഭാഗങ്ങളെ "പുത്തൻ" എന്നും പൂർവ്വകൃതമായ അംശങ്ങളെ "മൊഴി" എന്നും വിഭജിച്ചിരിക്കുന്നു. ഈ മൊഴികൾ ചരിത്രാന്വേഷണത്തിനു സാക്ഷ്യങ്ങളായി കിട്ടുന്നേടത്തോളം, തെളിവു പൂർണ്ണമാക്കുന്ന പ്രമാണങ്ങളാണു്. പൂർവ്വോക്തപ്രകാരം പണകുടിയിൽ പട ശേഖരിച്ചതെന്തിനു്? ആരു്? എന്ന ചോദ്യങ്ങൾക്കു പിൻ മൊഴികൾ സമാധാനം നൽകുന്നുണ്ടു് രാമപ്പയ്യൻ പ്രാണ്ഡ്യരാജാവായിരുന്ന തിരുമലനായിക്കന്റെ പടനായകനാണു്. പണകുടിയിൽ പടകൂട്ടിയതു തിരുവിതാ

ക്കുറിലേക്കു യുദ്ധത്തിനു പുറപ്പെട്ടാനായിരുന്നു. ഈ നായിക്കനു തിരുമലനായിക്കൻ എന്നു പേരുണ്ടാകുന്നതിനിടയാക്കിയ സംഗതിയും നമ്മുടെ ചരിത്രസങ്കേതത്തിൽ പെട്ടതാണു്. തിരുവിതാംകൂർ പാണ്ഡ്യരാജ്യാധീനമായിരുന്ന വേളയിൽ, നായിക്കരുടെ അമ്മ സന്തതിയില്ലാതെ തപിച്ചു മധുരയിൽനിന്നും പന്ത്രണ്ടു ശിവാലയങ്ങളിൽ പ്രാഥമ്യമുള്ള മുഞ്ചിറെ തിരുമല മഹാദേവരുടെ സന്നിധിയിൽ വന്നു. പുത്രകാമേഷ്ടിയായി ഭജനം നടത്തി തൽഫലമായി അവർക്ക് ഒരു മഹിതസന്താനം ലഭിച്ചു. ആ സന്താനത്തിനു തിരുമല നായിക്കൻ എന്നു നാമകരണം ചെയ്തു. അഭീഷ്ടം സാധിച്ചതിനാൽ നായിക്കർകോണം എന്ന വയലുകാം തിരുമലദേവസ്വം വകയ്ക്കു് അവർ ദത്തം ചെയ്ത എന്നും രേഖകൾ വെളിപ്പെട്ടുള്ളതുണ്ട്. (നായിക്കരുടെ മാതാവായ ഉദച്ചി എന്ന പ്രഭോ ദേവഭജനാർത്ഥം കെട്ടിച്ചു പാർത്തിരുന്ന സ്ഥലമാണു മുഞ്ചിറ ക്ഷേത്രത്തിൽനിന്നും ഒന്നര മൈൽ പൂർവ്വഭാഗത്തു സ്ഥിതിചെയ്യുന്ന ഉദച്ചിക്കോട്ട. കോട്ടയുടെ ഉൾപുറം സമീപകാലത്തു സർക്കാരിൽനിന്നും പതിച്ചുകൊടുത്തു. തിരുമലദേവപ്രസാദത്താലുണ്ടായ സന്താനത്തിനു തിരുമലനായിക്കൻ എന്നു് അഭിധാനം ചെയ്തു എന്നു പറയുന്നതു് അസംഭാവ്യമല്ല. മധുര രാജാവിൻെറ മേൽക്കോയ്മ ഉറപ്പിച്ചു് അവകാശങ്ങൾ കുസ്ഥമാക്കുന്നതിനു തിരുവിതാംകൂറിൻെറ തെക്കേ അതിർത്തിയിൽ പ്രവേശിച്ച പാണ്ഡ്യപ്പട:—

അണിയിട്ടവർ കൂടിപ്പൊരുതപോരിൽ
അണിയണിയായ് ചില പടകളൊരുക്കിയും
ആട്ടമമ്പിലവർകൂടി ഒത്താശയും
വമ്പുംപുകൾകൊണ്ട പടൈ വേലയ്യൻ

വന്ന മലയാളരെ വളെത്തുകൊണ്ടാൻ.
ചെയ്തിയറിയാമലെ വീരനായർ പടെക്കുട്ടി
ഒരുനൊടി തന്നിലേ തുണ്ടുതുണ്ടാക്കവെ
ചെയ്യും തിറവീരൻ പടെവേലയ്യറ.
തിട്ടെനവെ വെട്ടുപട്ടംപോന്നാർ
പയ്യപ്പടെ വാങ്കിപ്പുണകുടിയിൽ
പാളയങ്കം നൻറായ് ശേകരിത്താർ
ഇരുക്കിറോം എൻറ ചെയ്തിയെല്ലാം
എഴുതുവരാം അവർ ഓലയിലേ,
ഓലയെഴുതി മുത്തിരയുമിട്ട
ഓട്ടൻ കയ്യിലോലൈതന്നെക്കൊടുത്താർ
ഓട്ടൻ തൊഴുതോലൈ കൈവാങ്കി
നാടിവിടകൊണ്ടങ്കോടുവന്നാം
നടുക്കെൻറവനോടി വള്ളിയൂരം
നാങ്കണശേരി തന്നെക്കടന്താൻ
വരത്താൽ പ്പെരുത്ത നല്ലരക്കൻവിട്ട
മാരീചനെപ്പോലെ ഓടുവാനാം
കരുത്തുടനോടി ഇളംകുളംതന്നിൽ
കരുതിത്തിരുമലൈ മകിപാൻമുന്നേ"

പാണ്ഡ്യപ്പടയെ ആട്ടിയും ഇങ്ങോട്ട നയിച്ച് പ്രധാന പട നായകൻ വേലയ്യൻ എന്ന ദേഹമാണ്. പ്രസിദ്ധനായ ആ യോധാവിന്റെ ആക്രമണം മലയാളസേനയെ പരുങ്ങലിലാക്കി. മുന്നറിവില്ലാതിരുന്ന നായർസൈന്യം തൽക്ഷണം പടയ്ക്കൊരുങ്ങി ചുണയോടെ ആയുധപ്രയോഗം നടത്തി. വേണാട്ടിലേ സൈന്യങ്ങളിൽ വിജയലക്ഷ്മി പ്രസാദിച്ചു. വേലയ്യൻ വധിക്കപ്പെട്ടു. അയാളുടെ പട പിൻവാങ്ങി പണകുടിയിൽ

ചെന്നു പാളയമടിച്ചു. പടനായകൻ യുദ്ധത്തിൽ നിഷ്ഠുരനായ വിവരം പാളയക്കാർ തിരുമലനായിക്കനെ എഴുത്തുമൂലം തെര്യപ്പെടുത്തി. എഴുത്തു കൊണ്ടുപോയ ഭടൻ വള്ളിയൂർ, നാങ്ങണശേരി, ചെന്ത്രകരാമൻനല്ലൂർ, കാരിശേരി, ഇളംകുളം എന്നീ സ്ഥലങ്ങളേകടന്നു പോയതായും അവനേ രാവണദൂതനായ മാരീചനു സമാനനായും വിവക്ഷിച്ചിരിക്കുന്നു. ദൂതൻ:—

ഏഴില്ലയില്ലാത്ത പടകളൊടേ
ഇരുക്കും പൊഴുതിലേ ചെൻറു കണ്ടാൻ
ഉറവ തിരുമലനായിക്കനും
ഉറുതിയുടൻ നൻറായിരിക്കുംനേരം
മനതുക്കിണങ്കിൻറ ഓട്ടാളൻ
വന്തങ്കടിതൊഴുതോലൈ കൈകൊടുത്താൻ
വെല്ലും തിറവീരൻ കണക്കർ വാങ്കി
വീരൻ തിരുമലൈമകിപൻമുന്നെ
കന്നത്തിരുമലൈ മകിപൻമുന്നെ
കണക്കർ ഓലൈ വാശിപ്പുരാം.

ഓലൈവാശകത്തെക്കേട്ടു ഉറവതോർ തിരുമലോതിരൻ
ആനവാസ്ത്രനുപോലകമെല്ലാം നടുനടുങ്കി
മാലൈപോൽ കണ്ണീരോടി മലങ്കിയേ കലങ്കിയുള്ളം
വേലയിൽ തുരുമ്പുപോലവിശനമുറിരുന്താർ താമേ.

നായിക്കൻ പടയാളികളാൽ പരിസേവിതനായി രാജധാനിയിലിരിക്കുമ്പോൾ ദൂതൻ എഴുത്തു കൊണ്ടുചെന്നു. കണക്കൻ വാങ്ങി വായിച്ചുകേൾപ്പിച്ചു. ആ നരേന്ദ്രൻ വാർത്തകേട്ട് അനയുടെ വായിലകപ്പെട്ട കരിമ്പുപോലെ ഉള്ളും നുറുങ്ങി കണ്ണീർ വാർത്തുകൊണ്ടു കടലിൽചീണ തൃണംപോലെ അധികം

വ്യാകുലചിത്തനായി ഭവിച്ചു. ദുഃഖകരമായ വർത്തമാനം പാള
യക്കാരെയും അറിയിച്ചു. പടവീരന്മാരും പൗരപ്രധാനികള
മെല്ലാം നായിക്കരേ വന്നുകണ്ടനു താപം പ്രദർശിപ്പിക്കയും പ്രതി
കാരം ചെയ്യണമെന്നു് ഉറപ്പുകയും ചെയ്തു.

അന്തപ്പുടൈ വേലയ്യനെപ്പോൽ
അങ്കമൊരുത്തരൈ തനൈത്താൻ
അടൽപെരിയ പോക്കളമതിലുടൽ പൊടിപട
ആയുധപാണികൾ തിറമുടൻ
ചെൻറു പരിചൊട്ട അവർകളൈ വെട്ടിയറുത്തു
പിഴ്തു ശരമതുരുളവേകൊണ്ടു.
ചെറുത്തു വെട്ടിത്തലയുംകൊണ്ടു
ചിറന്തകപ്പുപ്പണവും കൊണ്ടു
ശേഖരമാകവെ തിറമൊടു
പരികരിചെയ്തവരോടെതിർത്തുവെട്ടി
പാളയത്തുടൻ കൊണ്ടവർ തങ്കളൈ
പണം പൊരുളെല്ലാം പറിത്തുകൊണ്ടു
പാണ്ടിനാട്ടൈ മണിയമാണ്ടു
പാവിനയാകവെ നീരിതമാകവെ
പടൈയോടെ സമക്കളം തന്നിലെതിർത്തു
വീണ്ടവരെ വിട്ടൊഴിയ
വഞ്ചിവേന്തരോടെനിപ്പതിലൈ.....

വേലയ്യനെപ്പോലെ ഒരു സൈന്യാധിപനെ തിരുവിതാം
കൂർ സൈന്യത്തിൽനിന്നും വെട്ടി സേനകളെയും ബന്ധനസ്ഥ
രാക്കി മുടക്കമുള്ള കപ്പം വാങ്ങി മറ്റു പണങ്ങളും കൊള്ളയിട്ടു
തിരുവിതാംകൂർ രാജാവിനു പല നാശങ്ങളും വരുത്തിക്കൂട്ടുക

മെന്നും മറവും ആലോചനയ്ക്കു ശേഷം നായിക്കൻ ആജ്ഞാപിച്ചു.

"പാണ്ടിയൻ കൈപിരമ്പടിയാൽ
പട്ടച്ചൊക്കനായക്കരും
വേണാട്ടിൽ പടൈപോക്ക
വേണമെൻറടി തൊഴുതാർ."

പാണ്ഡ്യൻ ആണയിൽ മണ്ണു ചുമന്ന ഹരിദാസ്യനാഥനായ സപ്തലിംഗസ്വാമി, വേണാട്ടിൽ പടയേറ്റം നടത്തി ജയമുണ്ടാകുന്നതിനു് അനുഗ്രഹിക്കണമെന്നു നായക്കൻ കുലദൈവപ്രാർത്ഥനയും നടത്തി. ഉടനെ പുരവാസികൾ "വെടികൾ കുന്തമെടുത്തു" ആനപ്പുറ കുതിരപ്പുറ മുതലായവ സജ്ജീകൃതമായി.

"മിന്നലൊത്ത നെറ്റിപ്പട്ടം
പൊന്നിൻചീരത്തഴത്തനൈയണിന്താർ
അലങ്കരിത്തയാനയിൽതാൻ
ആണ്ടതിരുമലൈനായക്കരവർ
വേണ്ടുംവണ്ണം മലൈനാട്ടിൽ
വഞ്ചിവേന്തരോടെ പടൈയെടുത്താൽ
എന്നുടയപങ്കായിരുന്തു്
എനക്കു വെറ്റി തരവേണം
വേണമെൻറു ചിറപ്പുണ്ടിന്തു (പ്രസാദം)
വിളങ്കും മുത്തുമാലൈകളും
പൂണ്ടനാകംപണിപതക്കം
പൊന്നരഞ്ഞാൺ പൊർചിലമ്പും
വെണ്മയുടൻപൊക്കരെയും(സപ്തലിംഗസ്വാമി)
മീനാക്ഷി അമ്മനെയും

Dr. P. C. C. PILLAI,
VANCHIYOOR, TRIVANDRUM.

കമ്മവിനൈ പോകവെൻറു
കാണിക്കൈ വൈത്തടിതൊഴുതാർ."

മുൻകൂട്ടിത്തന്നേ ദേശപ്രധാനന്മാക്കു വിളംബരമയച്ചിരുന്നല്ലോ. അതു കണ്ടു കൂട്ടമ്പോരം നായക്കന്മാർ, മറവർ, റെഡ്ഡികൾ, ചെട്ടികൾ, പിള്ളമാർ (വെള്ളാളർ), പട്ടാണിമാർ, രാകുത്തന്മാർ, തൊട്ടിയന്മാർ, സിംഹളർ, കുറവന്മാർ, അഞ്ചുവന്നക്കാർ, വടുകന്മാർ, കൊങ്കണദേശക്കാർ തുടങ്ങിയ പാളയക്കാരെല്ലാം ചല്ലടം, കാംകുവെള്ള, പച്ചവട്ട എന്നിങ്ങനെ വിവിധവേഷങ്ങളിൽ എഴുപത്തിരണ്ടു പാളയക്കാരും കൂടാരങ്ങൾ ഒട്ടകത്തിൻമീതെ കോടാലി കുന്താലികളിട്ട കൂട്ടരും.

"ഇടക്കയും (ഡക്ക) കൊടികളാലവട്ടം
പാളയക്കാരും തുരമക്കളും
പാങ്കാനനായക്കർ മുൻചെൻറാർ
മേടിനിയാളും നായക്കപീരർ
മുഖം പാത്തേതു ചൊൽവാർ,
ദക്ഷിണയാ ഭ്രമിയിലെ
നീങ്കൾം പടയോടേ ചെൻറു
രാമപ്പയ്യനെയും കൂട്ടിവെട്ടിച്ചിക്കിരം
കൊടുവാരുമെൻറനുപ്പിനാർ."

ഇതിനിടണ്ണം ഒരു വൻപട പണകൂടിയിൽനിന്നും അതിവാമൊഴി മാർഗ്ഗം തിരുവിതാംകൂറിൽ പ്രവേശിച്ചു നാഗർകോവിലിനു സമീപം തെക്കു പടിഞ്ഞാറുള്ള ഈത്തങ്കാടെന്ന സ്ഥലത്തു പാളയമടിച്ചിട്ടു.

"തെരു തമിഴ് നാഞ്ചിനാട്ടൈ (തമിഴകത്തുചേർന്ന)
ചേരവേ കൊള്ളയാടി

വിരവൂടനഴിത്തും പോട്ടാർ
മിക്കവൂർ മിക്കവൂരെല്ലാം"

വേട്ടപ്പുലിപോലെ വെളിയിൽ പരന്നുവന്ന കന്യാകുമാരിക്കു പോകുന്ന വഴിക്കും വടശ്ശേരിയിൽകൂടെ ഉത്തരദിക്കിനെ അടച്ചിട്ടു പെരുവിളയ്ക്കു വടക്കായിട്ടുള്ള കണിയാകുളം (മെയിൻ റോഡിന്റെ ഉത്തരഭാഗം പാവ്ത്തീപുരത്തിനടുത്തു) യുദ്ധരംഗമാകത്തക്കവണ്ണം കിഴക്കും പടിഞ്ഞാറും സൈന്യങ്ങളെ വ്യൂഹം തിരിച്ചു നിലയുറപ്പിച്ചു. ഒന്നു തിരുപ്പതിസാരം മുതൽ വടശ്ശേരിയിൽകൂടെ നേർകിഴക്കോട്ടിട്ടും പിന്നൊന്നു തെക്കു പടിഞ്ഞാറായിട്ടും ഇനിയൊന്നു വടക്കുകിഴക്കായിട്ടുമായിരുന്ന പടയണി വിഭാഗിച്ചിരുന്നതു്.

"ചന്തപടയുട പെരുപ്പമെല്ലാം
മന്നുചരേ ചൊല്ലുത്തലയാതു."

അന്നു് ഉദയഗിരിയിൽ അധിവസിച്ചിട്ടു നാടുവാണിരുന്ന ഉണ്ണിക്കേരളവമ്മ മഹാരാജാവിന്ന് ഈ വിവരം അറിവുകിട്ടി. ശത്രുക്കൾ വന്നാണിനിരന്ന സ്ഥലം രാജധാനിമായ പത്മനാഭപുരത്തു നിന്നും ആറുമൈൽ കിഴക്കു കള്ളിയങ്കാട്ടിനടുത്ത കണിയാകുളമാണു്. ഈ ദിക്കിൽവച്ചു നടന്ന യുദ്ധമായതിനാൽ ഇതിനു കഥാമദ്ധ്യത്തെ പ്രതിപാദിക്കുന്നേ 'കണിയാകുളത്തുപോരു' എന്നു വിളങ്ങിപ്പോരു സിദ്ധിച്ചു. കല്പനപ്രകാരം, "വേളയത്തുടനേ പുലിയൂരിൽ വെല്ലംപടിക്കുപ്പുളയങ്കം ചെയ്താർ"

മുന്നിലക്കാർ, ചേരുമാനക്കാരന്മാർ, ദേശപ്രധാനികൾ, കുറുപ്പന്മാർ, ഇലങ്കം, കളരി ഇതുകളിലെ നാഥന്മാർ, സ്ഥാനികൾ, യോഗക്കാർ, ഉദ്യോഗസ്ഥന്മാർ തുടങ്ങിയവരെല്ലാം അവരവരുടെ അതിത്തിയിൽപ്പെട്ട ആനപ്പട, കുതിരപ്പട, കാലാൾ,

DR. P. C. C. PILLAI,
VANCHIYOOR, TRIVANDRUM

വിവിധ ആയുധപ്രയോഗികന്മാരായവീരന്മാർ അടിയായവണ്ണ
മെല്ലാം ശേഖരിച്ചു തുടങ്ങി. ആ സമയത്തും അന്തഃഛരിദ്രവും
ദുരാലോചനയും കുറവായിരുന്നില്ല. ഓരോ കൂട്ടരും തിരുമന
സ്സിനേ മുഖം കാണിച്ചു. അവരവർ തയാർചെയ്ത ആൾക്കാരേ
പാളയസ്ഥവത്തു് ഒരുമിപ്പിക്കയും ഉടനടി വേണ്ടതു ചട്ടം കെ
ട്ടുകയും ചിട്ടക്കമായി നടന്നുവരുവെ,

"വേതാർ മന്ത്രിമാർകളിലേഴുപേർ
നാളെപ്പോരുണ്ടതുക്കിനിയെപ്പടി
നാമേഴുപേർ ഒൻറാകക്കൂടിയേ
നാണയക്കേടുവരാമൽ നിരൂപിത്ത
സംസാരിത്തൊരു മൊഴി കൊള്ളുവോം
എൻറു ചങ്കുക്കൊടിവീരൻ കേശവൻ
ഏറവീട്ടിനിലെല്ലോരും കൂടിയേ
പൊൻറിയാന തിരുമലനായിക്കൻ
വേലയ്യൻപോലൊരുതുര തന്നെയും
കൊൻറല്ലാമലൈ രാമപ്പയ്യൻ നമ്മെ
കോട്ടക്കുള്ളെ ഇരുക്കുവും ഒട്ടാനേ
കേട്ടതന്നെ അടൈത്തിരുന്താലുമോ
കുൻറുദേശത്തെ നിർമ്മൂളിയാക്കുവാൻ
വാട്ടമില്ലാ വടുകപ്പടയോടെ
മന്ത്രിമാരെ നിങ്കളെല്ലാം നാളെ
ചേട്ടമാകവേ കെട്ടിച്ചുമഞ്ചുടൻ
ചെല്ലവേണമിങ്ങൈവഴക്കെങ്കു"

ഏന്നൊരുപജാപം നടന്നു. അയോധനത്തിനു മുമ്പേ
പ്പാടായ് ഒരുക്കങ്ങൾ നടന്നുവരവെ തിരുവിതാംകോട്ടെ പ്രധാന
ഉദ്യോഗസ്ഥന്മാർ ഒരു പ്രത്യേകാലോചന നടത്തി. ഒന്നിനും

പോകാതെയിരുന്നാലും രാമപ്പയ്യൻ കോട്ടയ്ക്കകത്തു കടന്നു് നിൽക്കക്കള്ളിയില്ലാതെയാക്കും. അതിനാൽ തിരുമുമ്പിൽ ചെന്നു ചില തന്ത്രങ്ങളുറപ്പിക്കണമെന്നു് അവർ നിശ്ചയിച്ചു.

അവർ തിരുമുമ്പിൽ ചെന്നപ്പോൾ മഹാരാജാ, "മന്ത്രിമാരേ! നിങ്ങളെല്ലാപേരും നാളെ സന്നാഹസമനന്തരം യുദ്ധത്തിനു പോകണം. വലതും, ഇടതും, വ്യൂഹങ്ങളെ ഒരേസമയം ഭേദിച്ചുകൊണ്ടു് ആഹവം തുടങ്ങണം" എന്നു കല്പിച്ചതിനു്

"നാണയത്താലിടങ്കെ വലങ്കെക്കു
നാങ്കൾചൊല്ലുവോം നെറിക്കെക്കാളില്ലൈ
എൻറു് മന്തിരിമാർകളുരൈത്തിട
ഇരവിപിളൈയും താനേതു ചൊല്ലുവാർ
ചൊന്നനെറിക്കെതന്നിലേ നാൻ പോരേൻ
തുങ്കവഞ്ചിക്കരശേയെന്നച്ചൊന്നാർ"-

ഇരുപാർശ്വങ്ങളിലും സേനകളെ നയിക്കാൻ മറ്റു സചിവന്മാർ താന്ത്രികബുദ്ധിയോടുകൂടി സമ്മതിച്ചു. നേരിട്ടു സൈന്യം നടത്താൻ അവരാൽ പ്രയാസമാണെന്നും അറിയിച്ചു. അപ്പോൾ മുന്നുപത്തു താൻ നിൽക്കാമെന്നു് ഇരവിക്കുട്ടിപ്പിള്ള സ്വയം, ഭരമേറ്റു. മഹാരാജാവു സന്തുഷ്ടമാനസനായി. വ്യതിചലിക്കാത്ത ധീരചേതസ്സായിട്ടു രാജനിയോഗത്തെ ഉടനടി മറ്റുള്ളവരെപ്പോലെ ഒഴികഴിവുപായാതെ, ദുർഗ്ഗാഘട്ടത്തിൽ നിറവേറ്റി രാജ്യരക്ഷയ്ക്കു മുന്നാക്കം പുറപ്പെടാമെന്നു് അദ്ദേഹം ഉറപ്പുകൊടുത്തു. മറ്റു സചിവന്മാർ സേനാനായകത്വം വഹിച്ചു് പോരു നടത്താൻ പ്രയാസമാണെന്നറിയിച്ചപ്പോൾ "ഇശ്വരാ! മന്ത്രിട്ടു് പടനടത്താനാരുമില്ലല്ലോ. രാജ്യവും നാമും അപായത്തിലായല്ലൊ" എന്നിങ്ങനെ ആത്മഗതത്താൽ ഇതികർത്തവ്യതാ

Dr. P. C. C., PILLAI,
VANCHIYOOR, TRIVANDRUM.

ബോധമില്ലാതിരുന്ന പൊന്നുതമ്പുരാനോട് "ഖേദിക്കേണ്ട അടിയനുണ്ട്" എന്നുണർത്തിച്ചും പരുഷശിരോമണിയാണ് എന്നു പറയിക്കേണ്ട. ആദിമകാലം മുതൽ തിരുവിതാംകൂറിനുവേണ്ടി രക്തം ചിന്തീട്ടുള്ള വീരപുരുഷന്മാരെ ഉല്പാദനം ചെയ്തിട്ടുള്ള നായർവംശജനും പദ്മനാഭപുരം നഗരത്തിന്റെ പശ്ചിമഭാഗത്തു സ്ഥിതിചെയ്യുന്ന കേരളപുരത്തിൽ ഒരു കുചീനകുടുംബത്തിൽ ജാതനായി "നവയൗവനവും വന്നു നാർംതോറും വിളങ്ങിയ" പ്രഖ്യാതനുമായ പുമാനായിരുന്നു. ഇതരമന്ത്രിമാരുടേയും യോഗക്കാരുടേയും ദുരാലോചനകളിലും ദുർമ്മോഹങ്ങളിലും ഇദ്ദേഹം പൈമുഖ്യമുള്ളവനായിരുന്നു. മദ്യപന്മാർ, മദ്യപാനിയല്ലാത്തവനെ സ്നേഹിക്കയും വിശ്വസിക്കയും ചെയ്യാത്തതുപോലെ ശങ്കുക്കൊടിച്ചിറൻ കേശവന്റെ ഭവനത്തിൽ കൂടിയ സമിതിയിൽ ഇംപിക്കുട്ടിപ്പിള്ളയെ ക്ഷണിച്ചിരുന്നില്ല. ആ ആലോചന ഇദ്ദേഹം അറിഞ്ഞുമിരുന്നില്ല.

സന്ദർഭത്തെ ഓർത്തു കർത്തവ്യം നിറവേറ്റാൻ കുലധർമ്മപരായണനായ പിള്ള വാഗ്ദാനം ചെയ്തതു കേട്ടു മഹാരാജാവ്,

"നെറിക്കെതന്നിൽ പോരുതാർമന്തിരി
നീതിയാനുതവികം കാണണം
പത്തിയുള്ള പരമന്നരുള്ളാലെ"

സമരാങ്കണത്തിന്റെ വലിയഭാഗം നയിക്കുന്ന പോർവീരൻ, സ്വാമിഭക്തിയുള്ളവനും, വിശ്വസ്തനും, രണനിപുണന്മാരുമായ കൂട്ടരുടെ ഒത്താശയോടുകൂടി വേണം മുന്നാക്കം കടക്കുവാൻ പിന്നൈദൈവാനുഗ്രഹവുമുണ്ടാകും; നന്നായാലോചിച്ചുകൊള്ളുക; എന്നരുളിച്ചെയ്തു.

"ചേരമാനെത്തൊഴുതു വിടൈ വാങ്കി,
ചിന്തമന്തിരിമാർകളും തിരുമ്പിനാർ."

DR. T. C. HILL AT
VANCHIYOOR, TRIVANDRUM

വിടചോദിച്ചിട്ട് അമാത്യസംഘം രാജസന്നിധിയിൽ നിന്നും പിരിഞ്ഞു.

"ചാരമാകവേ തങ്കർതങ്കർവീട്ടിൽ
വന്തിരുന്താരേ ചിന്തൈക്കെട്ടിപ്പോടെ"

അവരവരുടെ ഗൃഹങ്ങളിൽവന്ന് ഉത്സാഹഭരിതരായിരുന്നു. യുദ്ധത്തിൽ കൂട്ടുകൊടുക്കാൻ അവരോട്ട് ഇണക്കമില്ലാത്ത ഇരവിക്കുട്ടിപ്പിള്ള ഒരുമ്പെട്ടതു രണ്ടുപ്രകാരത്തിലും സന്തോഷകരമായി. ഒന്നു വൈഷമ്യത്തിൽനിന്നുമൊഴിഞ്ഞു; രാജാവിനെത്തുണയ്ക്കു എന്നതിനു കുറവുമില്ല; സ്വയരക്ഷയ്ക്കു മോശവുമില്ല. രണ്ടാമതു സമർത്ഥനായ ഇരവിക്കുട്ടിപ്പിള്ള നശിക്കാനിതു നല്ല തക്കം; അയാളുടെ ഭാവി ഒരുവിധത്തിലും സഹ്യമല്ല; അതിനു നിവൃത്തി കണ്ടേ. ഈ വിധം ഇഷ്ടാനുസരണം ഓരോ ചിന്തകർ കൊണ്ടു മന്ത്രിമണ്ഡലം ഉർപെടെ വീണ്ടും ഒരാലോചനായോഗം നടത്തി. തമ്മിൽതമ്മിൽ അസൂയയും കുലംകുത്തും ഈ നാട്ടിൽ പണ്ടേ വേരുന്നിയിരുന്നു. "മകൻ ചത്താലും വേണ്ടില്ല, മരുമകളുടെ വൈധവ്യം കാണണം" എന്ന കലുഷവിചാരം ദേശക്ഷേമത്തെയോ, സമുദായസ്നേഹത്തെയോ, പെരുമണത്തെയോ ലേശവും ഗൗനിക്കാതെ നടനം ചെയ്യുന്ന പതിവിനു ഇപ്പോഴും മാറ്റമില്ല. ഇതിനാൽ രാജ്യത്തിനും സമുദായങ്ങൾക്കും എന്തെല്ലാം ദുരിതങ്ങൾ ഉണ്ടായിട്ടുണ്ടെന്നു ചരിത്രവും, നടപ്പും മൂലമുള്ള ഓരോ ശോച്യാവസ്ഥകളും വിശദമാക്കുന്നുണ്ടല്ലൊ.

"പീരശൂരനിടത്തറത്തേവനും (ഇടത്താപ്പോറ്റി)
വെങ്കലക്കൊടി കൂളത്തുരു രാമനും
പേരിളംപെയിൽ മാത്താണ്ടവമ്മരും"
[ഇളംപെയിൽ പണ്ടാരം] മറ്റും അന്യോന്യം.

"എല്ലാരും ഇതുക്കൊപ്പടിപുത്തിനാൻ
എണ്ണമെണ്ണിവിചാരിത്തുക്കൊള്ളുവോം
വല്ലവനിരവിക്കുട്ടിപ്പിള്ളയേ
പോരിലിറക്കിക്കൊട്ടുപ്പോമോ
നില്ലാമലപ്പിന്നണിവിട്ടുവാങ്കിയെ
നിക്കുംപൊഴുതിലേകുതിരെപ്പടൈ
ശയ്യമാകവളൈയുകൊണ്ടു പിള്ളയുടെ
തലയുംകൊണ്ടു പോനാപ്പിന്നെപ്പടൈയില്ലൈ".

എന്നു തീരുമാനിച്ചു.

വിദഗ്ധനായ ഇരവിക്കുട്ടിപ്പിള്ളയെ മുൻഭാഗത്തിറക്കിവിട്ടിട്ടു പിന്നണിപ്പടകളും ഉപസേനാനികളും പിൻവാങ്ങിക്കൊണ്ടാൽ കുതിരപ്പട്ടാളക്കാർ വന്നു പിള്ളയുടെ തല വെട്ടിക്കൊണ്ടുപോകും; ശത്രുക്കളുടെ രോഷമടങ്ങും. യുദ്ധവുമവസാനിക്കും; നമുക്കൊരു ശല്യവുമില്ല; എന്നു തീർച്ചപ്പെടുത്തി. എന്നാൽ ഈ വസ്തുത ശത്രുപക്ഷത്തെ തെറ്റിദ്ധരിപ്പിക്കയാണെങ്കിൽ കുറേക്കൂടി സുലഭമായി കാര്യങ്ങൾ സാധിക്കാമല്ലൊ എന്നു് ആ ദുർമ്മതികൾ ചിന്തിച്ചു്,

"ഇന്തച്ചെയ്തിയുള്ളാലയെഴുതിയെ
ഏറ്റരാമപ്പയ്യനക്കാപ്പിനാർ.
റിന്തയാലിക്കാരിയം നാമല്ലാൽ
പേന്തർതാനുമറിയപ്പൊണ്ണാതുകാൺ"

രഹസ്യക്കത്തു രാമപ്പയ്യൻ എന്ന പ്രതികൂലകക്ഷിത്തലവൻവശംതന്നെ എത്തിക്കണമെന്നും, ഈ ആലോചന തോന്നിയതു് അത്ഭുതകരമാണെന്നും, നാടുവഴി ഈ സംഗതി സല്ലപിച്ചു പോകരുതെന്നും നാം മാത്രം അറിഞ്ഞിരുന്നാൽ

മതിയെന്നും കുടിവമതികൾ ഒന്നിനൊന്നു തലകുലുക്കിട്ട്:—

"ഉരത്തനർനാളെ നാങ്കൾ ഉദിക്കുമുൻ പടൈക്കുവാരോം
പൊരുത്തമായ് നെറിക്കൈക്കു പൊരുവാറതുരയേനീങ്കൾ
വിരുപ്പമായ്വളൈന്തുവെട്ടി വിരൈവുടൻ ചതിയതാക
തിരുത്തമായ് തലയുംകൊണ്ടു ശീക്കിരംപോവീരന്റേറ.

നാളെ ഉദയത്തിനു ഞങ്ങൾ യുദ്ധത്തിനു വരും. പടനാ
യകന്റെ ശിരശ്ഛേദം ചെയ്യാൻ ഞങ്ങൾ സൗകര്യം ക്ഷണ
ത്തിൽ ഉണ്ടാക്കിത്തരാം. അയതു ലഹുവിൽ സാധിച്ചു പൊ
യ്ക്കൊള്ളുക. ഇപ്രകാരമായിരുന്നു അവരുടെ ലേഖനസംക്ഷേപം.

പ്രസ്തുത കുറിമാനം രാമപ്പയ്യന്റെ പാളയത്തിൽ "ചോ
റിണ്ടും കൂറുണ്ടും" എന്ന പ്രമാണാനുസാരിയായ ഒരു ദൂതൻവ
ശം ശ്രദ്ധമായി അയക്കപ്പെട്ടു.

"ഇരുന്തപോതവർകളെല്ലാം എഴുതി
മുൻകൊടുത്തുവിട്ട,
തിരുന്തവേ ഓലൈതന്നെ ചെൻറു
രാമപ്പയ്യൻ കയ്യിൽ
പൊരുന്തവേ കൊടുത്താനോട്ടൻ
പുകഴ്പെറകണക്കൻവാങ്കി
വരുത്തമായന്ത ഓലൈ വാചക
മുരൈക്കലുറവാൻ."

ചാരൻമുഖേന ഹൃത്തിയ കത്തു രാമപ്പയ്യന്റെ ഹസ്തം
വാങ്ങി. സ്വപക്ഷത്തിനെ ഇങ്ങനെ നാശം വരുത്താൻ കാ
ത്തിരിക്കുന്ന കുമതികളുണ്ടല്ലൊ എന്നോർത്തായിരിക്കാം—"വരു
ത്തമായ്" ആ ഓലവാചകത്തെ വായിച്ചു കേൾപ്പിച്ചതു്.

"എൻറ വാത്ത കേട്ടപോതേ
ഏററരാമപ്പയ്യനും മനമകിഴ്ന്തു
നൻറെനവയെങ്കിരുക്ക."

കുണ്ഡത്തിലാജ്യം വീണതുപോലെ കുതുകിയായ രാമപ്പയ്യൻ അഭീഷ്ടസിദ്ധിക്ക് അടുത്ത പ്രദേശത്തെ അക്ഷമനായി കീക്ഷിച്ചിരുന്നു. ആഷാഢഭൂതികളായ മന്ത്രിമാർ യോഗാനന്തരം,

"ചിന്തയാക മൊഴികേട്ടടക്കിയേ
തിട്ടനെ മുഖം കാട്ടപ്പുറപ്പെട്ടാർ."

മുന്നാലോചനകളെല്ലാം മനസ്സിലാക്കിക്കൊണ്ട് രാജാജ്ഞയിൻവണ്ണം സമരസന്നദ്ധരാകുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നും ഇനി എന്താണ് വേണ്ടതെന്നും തിരുവുള്ളം അറിയാൻ കൊട്ടാരവാതുക്കലേയ്ക്കു നടകൊണ്ടു. നിശ്ചന്മഷനായ ഇവിക്കുട്ടിപ്പിള്ളയുമായി അവിടെവച്ചു കായ്മയി കുറഞ്ഞൊന്നു് ഉള്ളിൽ വിഷാദവും വായിൽ തേനുമെന്ന ഭാവേന സംസാരിച്ചു. പിന്നീടെല്ലാവരുമൊരുമിച്ചു മുഖംകാണിച്ചു. ഓരോ ദിക്കിൽനിന്നും വന്നിട്ടുള്ള പടകളും സാധനസാമഗ്രികളും തൃക്കൺചാത്തു. മന്ത്രിമാർ യുദ്ധത്തിനു പിന്നീടു പുറപ്പെടാൻ തീരുമാനിച്ചു.

"അൻറു പടെ പുറപ്പെട്ടന്പോ-
തവരുടെയ താരാരും
കണ്ടു മനം മികക്കലങ്കി
കിന്നാരു കണ്ടാളൻറിപ്പു.
ഇരുപുവിടിന്തെഴുന്തുടൻ
പൈല്ലാരും ഉണ്ടുട്ടു

ചൊറുചൊറുത്ത തുരകളെല്ലാം
പോർകോലം ചമൈന്തൊരുങ്ക
എല്ലാരും പടൈ പോനാർ
ഇരവിപിള്ളയുടെ തായാരും
വല്ലാരും തെൻ ഭൂജത്തോർ
പിള്ളൈമാതാവും ഏതുചൊൽവാർ.
എന്മകനേ എന്നിരവി
നീയിൻറു പടൈ പോകാതെ
കമ്മവിനൈപൊല്ലാത
കിനാവു കണ്ടപലങ്കളെല്ലാം.
പൊന്നനിറമെത്തയിലേ
പുകയെഴുമ്പിക്കണ്ടേനേ
കൊത്തുളരും ഇലങ്കുമതിൽ
* കുകയിരുന്തഴുത കാൺ.
അരുമയുടനേ വളർത്ത
ആർംവീരാ പോകാതേ
പോകാതെ എൻമകനേ
പുകർംവീരായിപ്പടൈക്ക.”

അന്നത്തേ ജനതയുടെ വിശ്വാസം സ്വപ്നാദികളിൽ ശ്രദ്ധമൂലമായിരുന്നതിനാൽ പലമാതിരി ദുഷ്കൃറികർം സ്വാപത്തിൽ കണ്ടുവെന്നും അതിനാൽ ആ സന്ദർഭത്തിൽ പടയ്ക്കു പോകരുതെന്നും മന്ത്രിമണ്ഡലദിവാകരന്റെ വീരസ്സു പറഞ്ഞതിന്ന്,

“പേയ്ക്കിനാവു കണ്ടു നീങ്കർം
മനംപേതലിക്കവേണ്ടാമേ

---

* കുക=മൂങ്ങ

എത്തന്നെതാൻ ചൊന്നാലും
ഇരവി പടൈ പോവന്നെൻറാർ
മത്സരിക്ക വേണ്ടാമേ
മാതാവേ പോവന്നെൻറാർ."

ദുസ്വപ്നങ്ങൾ കണ്ടിട്ട് അമ്മ അധൈര്യപ്പെടരുതു. എന്തുപറഞ്ഞാലും ഇനി യുദ്ധത്തിനു പോകാതിരിക്കാൻ നിവൃത്തിയില്ല. അമ്മ നിർബന്ധിച്ചു തടുക്കരുതേ എന്നു പിള്ള മറുപടിപറഞ്ഞു.

"തായാരാൽ മുടിയാമൽ
താർകുഴലെ ഏകിവിട്ടാർ
വാടീ നീ പെൺകൊടിയേ
ഉന്തൻമണവാളൻ പടൈ പോറാൻ.
കേട്ടളവേ പെൺകൊടിയും
കെട്ടമതിയോ എന നിനൈന്തു
പഞ്ചുതനൈയൈതന്നൈ
പെൺകൊടിയാൾം കൊയ്യടുത്തു
മെല്ലിനല്ലാൾം പുറപ്പെട്ടാൾം."

മാതൃവചനങ്ങളാൽ സാധ്യമല്ലെന്നുകണ്ടു് പുത്രവാത്സല്യപൂരിതയായ ആ കുടുംബിനി പുത്രപ്രേയസിയെ പ്രേരിപ്പിച്ചു. അദ്ദേഹത്തിന്റെ കുലപതി വൃത്താന്തമറിഞ്ഞു പട്ടകാലത്തെഴുന്നിച്ചുകൊണ്ടു ഭർത്തൃസന്നിധിയിൽചെന്നു.

"ഏങ്കാണും ഭത്താവേ!
നീരിൻറു പടൈ പോകവേണ്ടാം
കമ്പിനൈ പൊല്ലാതു
കിനാവുകണ്ടപലൻകളെല്ലാം

മങ്ങലിയം ഇഴപെരുകി
മടിമേലേ വിഴുംകണ്ടേൻ.
ആലമരം മൂട്ടോടേ
അടിനകണ്ടു വിഴും കണ്ടേൻ.
വാതുക്കൽനീംഴി
വരവിടിയ്ക നിവക്കക്കണ്ടേൻ.
പൊന്നിട്ടനല്ലുവാളും
പുലിത്തോൽപരിശകളും
പുകൾപെറവേ മറവർകയ്യിൽ
അകപ്പെടുപും കണ്ടേൻ നാൻ.
വന്നമുടൻ കൈപ്പിടിത്ത
വാൾ മറിയ വിഴുംകണ്ടേൻ.
തിരുനിലകണ്ണരുടെ
തേരോട്ടം തിരുനാളിൽ
പത്താനതിരുനാളിൽ
പവനിവരത്തേരേറി
തേരേറിവലത്തുവര
തെക്കേത്തെരുവീതിവിട്ട
തേർവലത്തെ ചൂററി വടക്കുവര
വടക്കേത്തെരുവീതിയിലെ
വണ്ടിനാചും താൻമുറിയ
വാച്ചുതലയലങ്കാരം മുറിയ
തലയലങ്കാരം മുറിയ
പൊന്നിൻ താഴികക്കുടം
ഉടയക്കണ്ടേൻ.
കണ്ടകിനാവത്തനയും
കാവലക്കുപ്പോല്ലാതു".

ഇരവിക്കുട്ടിപ്പിള്ളയുടെ പ്രിയതമ ഇങ്ങനെ തടസ്സവാദങ്ങൾ തുടർന്നു:—സപത്നം കണ്ട സ്ത്രീകളൊന്നും നന്നായിരിക്കുന്നില്ല. താൻ കണ്ണത്തിൽ ധരിച്ചിരുന്ന മംഗല്യം തുലാറ്റു വീണു. സമീപസ്ഥമായ വടവൃക്ഷം ചുവടിളകി നിലംപതിച്ചു. മുറ്റത്തു നീരാഴിക്കര ഇടിഞ്ഞുവീണു. ഉടവാളും പരിചയും മറവർ കൈയ്യിലാക്കിയതായി തോന്നി. അതുമല്ല വാൾ മുറിഞ്ഞും വീണു. പദ്മനാഭപുരം നീലകണ്ഠസ്വാമിക്ഷേത്രത്തിലേ രഥോത്സവത്തിനു രഥങ്ങൾ വീഥിയിൽ ചുറ്റിവരുമ്പോൾ പ്രധാന തേരിലേ ചക്രങ്ങൾക്കു കേടുപറ്റി. അതിന്റെ ഉപരിഭാഗം മറിഞ്ഞുവീണു. ഇത്യാദി നിമിത്തങ്ങളാൽ യുദ്ധത്തിനു പോകരുതെന്നു ഭാര്യയുടെ നിർബന്ധത്തിനു്,

"എത്തനൈതാൻ ചൊന്നാലും
ഇരവിപടൈ പോവനെൻറാർ.
മന്നർമുന്നെ മൊഴികൊടുത്താൽ
മാറുവതും ആൺമയല്ല.
* തെന്നർ മുന്നെ മൊഴികൊടുത്താൽ
തിരുമ്പുവതും ആൺമയല്ല.
എന്നമൊഴി ചൊന്നായ് നീ
ഏന്തിഴയേ എന്നുരൈത്താർ.
കല്ലറയെത്താൻപൂട്ടി
കാവൽ വൈത്തങ്കിരുന്താലും
കാലനുടൈ അളൂവന്താൽ
കണ്ടതില്ലൈയെൻറാൽ വിടുവാർകളോ?
ഏഴുകടൽക്കുപ്പുറത്തിൽ
ഇരുമ്പറയ്യുള്ളിരുന്താലും

* തെന്നർ=ദക്ഷിണാധിപൻ.

യമധർമ്മരുടെ ആളുവന്താൽ
ഇങ്കെ ഇല്ലയെൻറാൽ പിടുവാർകളോ?
വെല്ലാതു വിതിയൈത്താൻ
വിതിയൈ വെല്ലുമാട്ടാതു
വിളൈന്ത പയിർ അറുപ്പതുക്ക്
വിശനമുണ്ടോ മെല്ലിയരേ!
അളന്തപടിമുകിന്തിതെൻറാൽ
അരൻചാതം ചേരുവെൻ നാൻ
അംങ്കുചെൻറാൽ വാറവിതി
ഇങ്കിരുന്താൽ വാരാതോ
വങ്കിഷത്തുക്കെല്ലോരുക്കും
മങ്കയരേ പോയ്വാറേൻ നാൻ."

ഇരവിക്കുട്ടിപിള്ള സ്വകളത്രത്തോടു മക്കടമുഷ്ടിയായിട്ടല്ല സമാധാനം പറഞ്ഞതു്. രാജസമക്ഷം വാഗ്ദത്തം ചെയ്തിട്ടു പിന്നീടു യുദ്ധത്തിനു പോകാൻ അഹിതം കാട്ടുന്നതു വീരോചിതമാണോ? യുദ്ധത്തിനു പുറപ്പെട്ടിട്ടു മടങ്ങുക യോഗ്യമാണോ? സമുദ്രാന്തർഭാഗത്തുചെന്നു് ഒളിച്ചിരുന്നാലും മരണമാരെയും ഒഴിച്ചുവിടുന്നതല്ല. ഇവിടെ തക്ഷകനേ ഭയന്നു പ്രാത്ത പരീക്ഷിത്തിന്റെ ഭാഗവതകഥയെ സൂചിപ്പിക്കുന്നു. വിധിയെ ജയിക്കാൻ ആരാലും അശക്യമാണു്. വിളഞ്ഞ നെല്ലു കൊയ്യുന്നതിൽ വിരോധമില്ലാത്തതുപോലെ പ്രാപ്തിയായ ഞാൻ യുദ്ധത്തിനു പോകണ്ടേ? വിധിച്ച ആയുഷ്കാലം തീർന്നുപോയെങ്കിൽ വരുന്നതുവരട്ടെ. ബാല്യത്തിലെ ദേഹാഭ്യാസം ചെയ്ത പഴകി ആവശ്യപ്പെട്ടുമ്പോൾ ആഹവത്തിനു പുറപ്പെടേണ്ട സ്വധർമ്മനിരതരായ നായർവംശ്യരിൽ ഒരുവനായ ഞാൻ നമ്മുടെ തറവാട്ടുമഹിമക്കായിട്ടും യുദ്ധത്തിനു പോകേണ്ടതല്ലേ? ഇമ്മാതിരി

ന്യായമായും ധീരോദാത്തതയോടും പ്രാണനാഥമുഖത്തുനിന്ന് ഉൽഗളിതമായ വാക്കുകൾ കേട്ട് ആ സതി വിഷാദിച്ചു നിൽക്കേണ്ടി വന്നു.

"ഇന്തിരനെപ്പോലെ പിള്ള
പൊരുതുനിക്കും നേരം
ഇവരെല്ലാരുംകൂടി
മലയേറിക്കൊൾവാരമ്മാ"

എന്നു കുറത്തി വരുംവരായ്ക പറഞ്ഞതായും ആദ്ദേഹത്തിന്റെ ധമ്മപത്നി ധരിപ്പിച്ചു. സപത്നിയും കുറത്തിക്കുറിയും ഒന്നും ആ ധീരപുരുഷന്റെ സ്ഥിരനിശ്ചയത്തെ ഭേദിപ്പിക്കാൻ പര്യാപ്തമായില്ല.

"ശങ്കയൂടനിരവിപ്പിള്ളൈ
താർവേന്തർ നീരാടപ്പുറപ്പെട്ടവാർ.
അന്തനേരം ഇരവിക്കുട്ടിപ്പിള്ള
ആലകാലവിഷംപോലെ കോപിത്താർ
ശന്തണം അരയ്യച്ചെറുക്കൻപോക
ചടുതിയിലമുതാകട്ടെന്നച്ചൊന്നാർ
വെന്തെഴുന്തങ്കുചയിൻമെഴുകുപോൽ
വിരൈന്തോടിയേ തായാരുമുൻചെല്ല
പാടുപട്ടാലുമെന്നാൽ മുടിയാതു
പൈങ്കൊടിചൊല്ലുക്കേളാമൽ പോവനോ
കാൽപിടിത്തങ്കഴുതുമുറയിട്ടു
കണ്ണരശേ പടൈ പോകവേണ്ടാമേ
പക്കനാളും പലനാളും പൊല്ലാതു
പാവിയരേ പടൈക്കിൻറു പോകാതെ

കേട്ടതെല്ലാം മനതിലടക്കിയേ
കൃപയോടെ അമുതുണ്ടിളകിനാർ
നാട്ടമാകവേ കൈയും വിളക്കിയേ
നല്ലശല്ലടം മേൽ കച്ചകെട്ടിനാർ
പൂശിനാരേ പുഴ്കോട്ടചവ്വാതും
പൂന്തളിർകച്ചമീതിലണിവരാം
ആനതോർനല്ല * ചന്തിരകാവിശം
ചന്തിരകാവിശം മീതോടമീതിട്ട
തട്ടഴിന്താലവിഴ്ന്നുവിടാമലെ
ഇന്തിരൻ പവതിക്കിണപോലവെ
ഏററമന്മതൻ തൻ വടിവാകവേ
ചന്തിരൻ വന്നുതിത്തുപോലവേ
ചമൈന്താരാതിത്തൻ വടിവാകവെ
അന്തരങ്കം വരുവതറിയാമൽ
ആയുതം നാലുകൂട്ടമെടുപ്പരാം."

സാന്ത്വനങ്ങൾ പറഞ്ഞിട്ട മന്ത്രിവയ്യൻ സ്നാനാദികർ
ക്കു മുതിന്നു. വേഗത്തിൽ കുളിയും ഭക്ഷണവും കഴിച്ചു. ഉള
യിൽ മെഴുകുപോലെ ഹൃദയം കാളീട്ട മാതാവു വീണ്ടും ചെന്നു
ജ്യോതിശ്ശാസ്ത്രപ്രകാരം ഇന്നു യാത്രയ്ക്കു കൊള്ളുകയില്ല. എന്നൊ
രുപായം പ്രയോഗിച്ചു. ഭാഗ്യം തടുത്തിട്ടും സാധിച്ചില്ലല്ലൊ എ
ന്നു കരുതിയാണു മേല്പറഞ്ഞ തന്ത്രം കൂടി ഉപയോഗിച്ചതു്. ഉട
നേ പിള്ള ഉടുത്തൊരുങ്ങി വാൾ, പരിശ, വില്ലു്, അമ്പു തുട
ങ്ങിയ ആയുധങ്ങളും കരസ്ഥമാക്കി.

സഹധർമ്മചാരിണി വ്യാകുലയായിട്ടു മുടക്കം പറയാൻ തു
ടങ്ങിയപ്പോൾ ക്ഷാത്രവീര്യവംശജയായ ഭവതി ഒന്നായാത്ര

* ചന്തിരകാവിശം=കവാചം

ചെയ്യ് അയക്കേണ്ടതല്ലേ ധർമ്മം. ഇങ്ങനെ ചപലകളെപ്പോലെ സനിക്കാമോ? എന്നിങ്ങനെ തന്റേടത്തോടുകൂടി സംസാരിച്ചു ശാസിപ്പിച്ചിട്ട് കുറേ തങ്കനാണയങ്ങളും സമ്മാനിച്ചു ഒരുവിധം മൌനസമ്മതം വാങ്ങി.

"വാരുമെൻറവർ മന്തിരിംമേമേ
പരിശയാകവേ യാത്തിരയേകിനാർ"

മനസ്സില്ലാമനസ്സോടെ അദ്ദേഹത്തിന്റെ മാതാവു് യാത്രയ്ക്കു വഴിതികൊടുത്തു.

"ഏകിടവേയടിതൊഴുതമ്മയെ
ഇരവിപ്പിള്ളൈ പടൈക്ക പുറപ്പെട്ടാർ"

മാതൃപാദങ്ങളിൽ നമസ്കരിച്ചിട്ട് ഇലങ്കത്തിൽ ചെന്നു പരദേവതയെ വണങ്ങി.

"ചാവടിയിൽ വരുമന്തവേളയിൽ
തക്കവീരപ്പടയുമിളകിട
വന്തുനിൻറതെരുവീതിതന്നിലെ
* മങ്കളാനന്തപ്പൂരവികൊടുവന്താർ."

സ്വസ്വാമിയെക്കണ്ടേ പടകഥം വീരമുഴക്കംചെയ്തു. കോപ്പുകളിട്ട ഒരുക്കിക്കൊണ്ടുവന്ന കുതിരയിൽ കേറാൻ ഭാവിച്ചു കുതിരവിരണ്ടു.

"വായ്ത്ത നല്ലപരിയിതുപൊല്ലാതു
പിള്ളൈ നല്ലചെരിപ്പുമീതേറിയെ
വീരരോടെ പടയ്യുപുറപ്പെട്ടാർ."

ഉടൻ വേറൊരുകുതിരയിൽ കയറാതെ പാദരക്ഷയോടുകൂടി പുറപ്പെട്ടു. ശകുനമായിട്ടൊരു ദ്വിജൻ അരിയുംതീയുമേന്തി

---

* പൂരവി=കുതിര

വന്നുചേർന്നു. ശകുനത്തിനും മറ്റും പ്രാധാന്യമുള്ള അക്കാലത്തു പിള്ള കായ്യഗൌരവമോർത്തു ലക്ഷ്യമാക്കാതെ,

"കതിർകൊണ്ട പുലിയൂർക്കുറിച്ചിയിൽ
കരുമ്പാറയിൽ മാളികമീതിലെ
കൊത്തളത്തിൽ വരരാജുതമ്പുരാൻ
പൂണ്ടുവീരപ്പടയോടിരിക്കവേ
മത്തളങ്കം വിരുതോശ കെമ്പവെ
മന്നവരെച്ചെന്റു മുഖംകാട്ടിനാർ."

പുലിയൂർക്കുറിച്ചി (ഉദയഗിരി)കോട്ട വേളിമലയുടെ സാനുപ്രദേശമായതിനാൽ പാറക്കുട്ടങ്ങളുടെ ഇടയ്ക്കാണെന്നു പറയേണ്ടതില്ലല്ലൊ. കൊട്ടാരത്തിൽ എഴുന്നള്ളിയിരുന്ന പൊന്നുതമ്പുരാനെ മന്ത്രിവയ്യൻ മുഖംകാണിച്ചു. ഇപ്പോൾ നമ്മുടെ മന്ത്രിമാർ രാജ്യത്തിലെ ആയവ്യയം നിയമം കായ്യക്ഷമത ഉദ്യോഗവിതരണം മുതലായ കായ്യങ്ങളെ നിയന്ത്രണം ചെയ്യുന്നതിനു തലകൊടുക്കേണ്ടിയിരിക്കുന്നു. അന്നു സചിവന്മാർ ധർമ്മലോഭംകൂടാതെ ഭരണം നടത്തുന്നതിനു പുറമെ ശത്രുബാധയിൽ നിന്നും രാജ്യരക്ഷ ചെയ്യുന്നതിനുകൂടി തല കൊടുക്കേണ്ടിയിരുന്നു. ഇമ്മാതിരിരാജ്യമാകമാനം നേരിട്ട വിപത്തൊഴിക്കാൻ വേണ്ടി ഉടനടി അനുഷ്ഠിക്കാനുള്ള പടത്തലൈങ്കളെക്കുറിച്ചു തിരുമുമ്പിൽ സംഭാഷണം തുടർന്നു.

"മണ്ടിക്കൊണ്ടനായക്കരും മന്നവർമേലെപടയ്ക്കു വാരാർ
മറുത്തുംചെറുത്തുംനമുക്കൊന്നരണ്ടുപോർപോരവേണ്ടാമോ
മട്ടകടന്തിപ്പുറത്തിൽവന്താൽ വാത്താരംകൂട്ടിവെട്ടി
വട്ടുകർകോട്ടയും കടത്തിവിട്ടവൻ നാൻ."

നായക്കരുടെ സൈന്യം ഇങ്ങോട്ടു കടക്കാതിരിക്കുന്നതിനു് ഒരാവശ്യം പൊരുതാൽപോരാ. ആരുവാമൊഴി കടത്തി പു

തന്ത്രക്കാൻ സാഹസംചെയ്യുനോക്കാം എന്നും പിള്ള അറിയിച്ചു.

"കാക്കവേണമനന്തയിൽ വാഴ്ച്യുതൻതിരുവരുളിനാലെ
കാവലുടൻചെൻറുപ്പൈപൊരുതാൻ
ചകിക്കിതില്ലെയാനാൽ
ഉടക്കുമുള്ള ഓട്ടനിങ്കേഓടി
വരട്ടും വിരവാൽവാറേൻ.
ഓടിച്ചെൻറു നീയും പിള്ളൈ
മോതിക്കൊണ്ടു ചെൻറിറങ്കവേണ്ടാം
ചരതിത്തുനിൻറുപിള്ളൈ
പൊരുതിത്തു വരവേണം."

തന്ത്രവാൻ—പത്മനാഭനഗ്രഹമുണ്ടാകും. യുദ്ധത്തിനു പോയ്വരിക: എതിർകക്ഷികളുടെ നില ശ്രമാസാദ്ധ്യമല്ലെന്നുകണ്ടാൽ ഒരു ദൂതനിങ്ങോട്ടു വരട്ടെ. നാം വരാം. സംഗ്രാമധീരനായ മന്ത്രി തിടുക്കമായ് മുന്നിട്ടേക്കരുത്. സൂക്ഷിച്ചുനിന്നു വേണം പോരു നടത്തേണ്ടത്.

ഇരവി:—

"പാക്കിയമില്ലാതെ പോനാൽ
പകൈന്തുവിട്ടിടവേൻ
ചീരണിന്തമലർമാർവാ
പോരുക്കിൻറടിയൻ പോറേൻ
തുക്കത്തിൽചിറപ്പുംവേണും
തേന്നരുടെ വാളുംവേണും."

വിജയം സംശയഗ്രസ്തമാണെന്നു വന്നാലും തെരുതെരെ വെട്ടി യുദ്ധംനടത്തുകതന്നെ ചെയ്യും. തിരുവാശിസ്സും ഉടവാ

ളും ലഭിക്കണം. എന്നു സ്വരക്ഷയെ ഗണിക്കാതെ ധർമ്മയുദ്ധത്തിനു പോകാൻ നമ്മുടെ യുവസേനാനി വിടചോദിച്ചു.

"മിന്നിനിടിപോലശയും, പൊന്നിനുടവാളുകയ്യിൽവാങ്കിയേ
പേലവാശരണമെൻറു, തൃക്കയ്യിൽ ചിറപ്പുംവാങ്കി;
ശിവനാരെയും തൊഴുതുപിള്ളെ
തെന്നവനിരവിപ്പിള്ളെ;
* മന്നർ പവനിയെപ്പോലെ വാഴാർ"

ഉടവാൾവാങ്ങി കുലശേഖരപ്പെരുമാളോടു യാത്രവഴങ്ങി രാമനാങ്കണത്തിലേക്കു പ്രസ്ഥാനമാരംഭിച്ചു.

"മന്നർ പവനിയെപ്പോലെ, മാത്താണ്ഡൻ വാഴിരവി.
വാറുതുരയെക്കണ്ടു, കണ്ണൻ മടനറാക്കിണെ
ഇവർ രാച്ചിയത്തിൽവാഴ്ക.
കരുതി വിരരോടെ വട്ടകർ പോരുക്കാക.
പോരുക്കൊരുങ്കിനിൻറു,
പോറുതുരയെക്കണ്ടു
പൂവയർകൾം കൂടിനിൻറു
ആശമൊഴികൾംപേശി.
പാരുതനിലെയിന്ത തുരയെപ്പെറാതായും
പൈങ്കൊടിയും പടൈപോക ചൊന്നാർകളൊ
പൊന്നിട്ടുടവാളും പുലിത്തോൽ പരിശയുമായ്
പാരരശർ വാഴിരവി തെക്കെക്കോട്ടവാശൽവിട്ടാർ."

ആഗന്തുകമായ് വന്നുവളഞ്ഞ വട്ടകപ്പടയോടെതിരിട്ടുന്നതിനു മാത്താണ്ഡൻ† ഇരവി രാജതേജസ്വിയായ് പോകുന്നതു

---

* തെന്നവൻ=ദക്ഷിണാത്യപ്രഭു. പവനി=പ്രഭാവം.

† ഇരട്ടപ്പേർ.

കണ്ടു പൗരനാരികൾ ഇദ്ദേഹത്തന്റെ ജനനിയും പത്നിയും ഈ കോമള വിഗ്രഹനു് എങ്ങനെ സമ്മതം നൽകി എന്നു സന്താപസമേതം ഓരോന്നു പറഞ്ഞുനില്ക്കുന്നു നമ്മുടെ കഥാനായകൻ.

"കോട്ടവാശൽതന്നെക്കടന്നു മന്ത്രിരിയുടെ
കൊടിനിൻറു ലാകിവരുപടൈനടക്ക.
കൂട്ടമിട്ടപടൈയോടെവെള്ളവട്ട
കൊടിനിൻറു ലാകിവരുപടൈനടക്ക
വീശിനിൻറ അമ്പലവട്ടം-വെഞ്ചാമരംഇരുപുറവും
* പുള്ളിയിട്ടൊരുങ്കിവിതം വിതമായ്.
പൂരണത്താൽപൊങ്കിടും തമ്പേർ ചീനക്കുഴൽമുഴങ്ക
തുള്ളിക്കളിത്തീടും കുതിരമീതിൽ തുരവീർ
വാട്ടമൊത്തവിരുതുടനേ അനുപ്പടകം"

കൊടിപടഹാദികളോടുകൂടി വിവിധപട്ടാളങ്ങളൊരുമിച്ചു തെക്കേ ഗോപുരംവിട്ടു യാത്രതുടർന്നു. അന്നേരം വീരമാതാക്കളായ മഹിളാമണികൾ ചേർന്നു കുമ്മിപാടി പടകളെയും പടത്തലവനെയും പ്രോത്സാഹിപ്പിച്ചു.

"പടൈക്കു പോനാരിരുവിപിള്ളൈ
പമ്പരുമുത്തുക്കുടൈചേരുമാം
കുടൈക്കുക്കീഴേയിരുവിപിള്ളൈ
പോറകാലുമൈപ്പാടൈതോഴിപ്പെണ്ണേ.
ആച്ചിമുത്തേടൈപേച്ചിമുത്തേ
ആവിടപ്പെണ്ണേ വലങ്കാരി
കൊങ്കണനാട്ടപ്പെണ്ണേ ശംകുമുത്തേയടി
കൊച്ചിയിൽ വാഴുകിൻറ ലക്ഷ്മിയെ

* പുള്ളി=പട്ടാളവകപ്പു്.

തങ്കളിൽ തങ്കവളൈകിലുങ്ക
തപിത്തുക്കുമ്മിയെടിപ്പോമെടി.
കണ്ണനൊൻപാർചിലർ മന്നനൊൻപാർ
കാമനോ സോമനോ വാരതൊൻപാർ
മന്നക്കു കണ്ണാനമന്തിരിയാനവർ
വാറശിങ്കാരത്തെപ്പാരുങ്കടി.
കാളിമരതകച്ചുക്കിയച്ചി
കാമനെവെൻറിടുംകൊച്ചുകാളി
തോഴികൾതമ്മിൽ പിശകാമൽ
ഇശൈത്തുകുമ്മി യടിപ്പോമെടി.
കസ്തൂരിപ്പൊട്ടവടി(വു) തുലങ്കപ്പിള്ള
കറുപ്പുകച്ചയും മേൽപൂട്ടി
ചുട്ടിക്കുതിരയാം * തുപ്പായിയാം
സ്വാമി തൊണ്ണൂറുപട്ടാളംമുന്നടക്ക.
വട്ടക്കുടവണ്ടിവാഴിരവിപ്പിള്ളൈ
വാറശിങ്കാരത്തെപ്പാരുങ്കടീ.
എങ്കേ കണ്ടായ് പെണ്ണെ എങ്കേ കണ്ടായ്
എങ്കൾകുമരനെ എങ്കേ കണ്ടായ്
തെക്കേത്തെരുവിലെ തേരടിമുട്ടിലെ
തേരിന്മേലേയേറി നിക്കക്കണ്ടേൻ.
കാപ്പിട്ട വെള്ളിവളൈകിലുങ്ക
കൂപ്പിട്ടു കുമ്മിയടിപ്പോമെടി
മങ്കയർ കുമ്മിയടിത്തുവര
മന്തിരിയങ്കേ പടൈ നടത്ത
കുമ്മിയടിത്തമടവാക്കു
കുങ്കുമച്ചന്ദനം താൻകൊട്ടത്തു

*തുപ്പായി=ബിഭങ്കി.

* തങ്കയരേ നീങ്കൾം നില്ലുമെൻറു
പിള്ളൈതാനേ പടയ്യു നടന്തനരാം.

യൌവനയുക്തനും അത്ഭുതവീര്യപരാക്രമിയുമായ പടനായകൻെറ യാത്രയ്യു കുമ്മിപാടിയ പുരംധ്രീകൾക്കു കുങ്കുമം, ചന്ദനം, എന്നീ സുഗന്ധലേപനങ്ങൾം വിതരണംചെയ്തു. സഹോദരികളേ നില്ലുവിൻ, പോയ്വരട്ടെ എന്നു മന്ത്രം പറഞ്ഞിട്ടു—

"നാട്ടമതായി കുതിരവിട്ടു ഇരവിപിള്ളൈ
നാണയത്തുടൻ പടകൾം പോകുതൻെറ
തിത്തിമട്ടളങ്കൾം മുഴങ്ക ഇടക്കയുംമല്ലാരി
വീണകൾം വാനംപൊങ്കുന്ത
ഉട്ടുക്കുകിന്നരിപന്മയുടൻചിന്നം
വീരാണിനാഗസ്വരംതകിൽ
വെങ്കലത്തിമ്പട്ടം കൊമ്പുകുഴൽ
മറവും കുഴൽമുഴങ്ക ഏക്കാളമുതിവര
പടയിലുടനെവാത്തിയമെങ്കുംമുഴങ്കിടവെ,
മാലയിരുൾം പോലിരുണ്ടു
വാണങ്കൾം മുന്നടക്ക
തന്തിരമായ് കുതിരൈവിട്ടു ഇരവിപിള്ളൈ
താണ്ടിയെപടൈകളെല്ലാം ചായിന്നമയ്യോ
നടന്തപെരുമ്പടയുംനടക്കാവും തിരുവിടക്കോട്ടംവിട്ടു
കോലാഹലമായിക്കളുമുക്കാട്ടതന്നെയും കടന്താർ
തോട്ടിയകോട്ടം പെരുവിളയും
ചുങ്കാനമ്പലവും കടന്തു

---

* തങ്കയർ=സഹോദരികൾ.

വിരവാൽനടന്നപടൈ
വിടിവെട്ടാലും മൂടുവിട്ടു
ഇതത്തപടൈനടത്തി ഇരവിവാഴ്മന്തിരിയും
ഇളംകുള പതിതന്നിൽ ഇവരും വന്തണി പിടിത്താർ
കള്ളിയങ്കാടും കണിയാകുളവും കുളവരമ്പും
ഇരട്ടമലയടിയും പരുത്തിവിള
തന്നിലെയിരുക്കി കുളവരമ്പും
നിരത്തിയണി പിടിത്താർ
മുട്ടിപ്പൊരുതപടൈ കെട്ടിച്ചുമൈതൊരുങ്കി
മൂൻറു കൈക്കും തൻപടയേക്കൻറവേയണിപിടിത്താർ"

ഉദയഗിരിയിൽനിന്നും സന്നാഹസമനപിതം പുറപ്പെട്ട. ഇപ്പോൾ തെക്കൻ മെയിൻറോഡു പോകുന്ന വഴിക്കന്നുണ്ടായിരുന്ന നടക്കാവിലൂടെ, തിരുവിടയ്ക്കോട്ട്, തോട്ടികോട്ട, ചുങ്കാന്വലം, കള്ളിയങ്കാട് തുടങ്ങിയ സ്ഥലങ്ങൾ കടന്നു കള്ളിയങ്കാട്ടിനടുത്ത കണിയാകുളത്തു ചെന്നു. പരിതസ്ഥിതങ്ങളായ പരുത്തിവിളയും കുളവരമ്പും ഇടവിടാതെ മൂന്നു ശാഖയും (൨) അണിയിട്ട സൈന്യങ്ങളെ ഉറപ്പിച്ചു.

"* ചിങ്കംചിനന്തെഴന്താപ്പോൽ
രാമപ്പയ്യൻ ചേനപടൈ
ചേനതുരമക്കൾപല
പാളയക്കാരരെല്ലാം
ഏറിയവീരർകൾ, ഓടിയേ വരുമൊരുതിരൾ".

ഇരവിക്കുട്ടിപ്പിള്ള സൈന്യങ്ങളെ അണിനിരത്തി സജ്ജമാക്കിയതു കണ്ടപ്പോൾ ശത്രുപക്ഷക്കാരനായ രാമപ്പയ്യനും കൂട്ട

---

* ചിങ്കം=സിംഹം, ചിനം=മേഘം.

കോപംകൊണ്ടു സിംഹം പോലെ തിരിഞ്ഞിട്ട് മൂന്നോട്ട വലിഞ്ഞു.

(വിരുത്തം)

"പരുന്തിരിക്കും മലയാം ചേനെ മാറാനെനക്കണ്ടപോരു
ഉരത്തിനാൽ വില്ലതെയ്യ ഓശയായ് വെടികൾക്കും വൈത്താർ"

പ്രതിരോധികളെക്കണ്ടെയുടൻ മലയാളസൈനികർ—വില്ലാളികൾ—സന്നദ്ധരായ് ഒടികൾ പൊട്ടിച്ചു.

"മൂൻറുകയ്യാൽ പരുത്തിവിള തുളിയാക്ക
റീർ കൂഴൽക്കാരും വേറു പരിശചൂരികക്കാരും
മുല്ലമണങ്കളെഴും നല്ലമുഞ്ചിറ
പൈങ്കളമുള്ള ഈട്ടിക്കാരും....."

സൈന്യവിഭാഗം ചെയ്തിട്ടുള്ള പരുത്തിവിളയുടെ മൂന്നിലൊരു ഭാഗം ഒരേസമയം യുദ്ധം പൊടിപൂരമായ് നടത്തുന്നതിനു മുൻപറഞ്ഞ കൂട്ടരും ഇരണിയൽ മുതലായ സ്ഥലങ്ങളിലെ ആർക്കാരും, പാകോട്ടു, ഇടയ്ക്കോട്ടു തുടങ്ങിയ ദേശക്കാരായ അസ്ത്രവിദ്യാപടുക്കളും, നെയ്യാറിൻകര, നേമം, കഴക്കൂട്ടം ആദിയായ നാടുകളിലെ അസ്ത്രശസ്ത്രനിപുണന്മാരും മാറും ഒന്നിച്ചു ഈത്തങ്കാട്ടിൽനിന്നിങ്ങോട്ടു അണിയിട്ടുള്ള വടുകപ്പടയ്ക്കഭിമുഖമായ് നിരന്നു.

"ചിന്തമകിഴ്ന്തു ഇരവിപിള്ളൈ
വന്തുമുന്നണിതന്നിലിറങ്കി
വണ്ണ * ച്ചില കയ്യിൽ വാങ്കുവരാം
കയ്യിൽ ചില വാങ്കി ഇരവിപിള്ളൈ
കടുകച്ചലപൂട്ടി കയറുമിട്ടാർ
ഇട്ടശരം തന്നൈ തെരിന്തെടുത്തു

* ചില=വില്ലു.

ഇതത്താൻ ഗണപതിക്കുറിക്ക
തൊട്ടത്തു വലംതോളിൽ വലിവിറക്ക
തൂയ്യഗുരുവിനെ മനസ്സിലുന്നി
നലത്താൽ കണ്ണൊപിടുത്തു നളിനത്തുടൻ ശരമെയ്തു
[വിട്ടാർ...

സേനാധിപതിയായിരുന്ന ഇരവിപിള്ള സന്തോഷചിത്തനായ് മുന്നണിയിലിറങ്ങി വിൽവാങ്ങി ഞാൺ മുറുക്കി. ഗണപതിക്കുറിപ്പായിട്ടാദ്യ ബാണമെയ്തിട്ട് ഗുരുധ്യാനത്തോടുകൂടി ശത്രുനിരയെ ലക്ഷ്യമാക്കി ബാണപ്രയോഗം തുടങ്ങി.

"തെക്കുനിന്നു കടൽ പരന്നതുപോലെ
ദേശമെങ്ങും പരന്നിതു താൻപടൈ
പടയെങ്ങും പരന്നു പുറപ്പെട
ഇരുവലർകടം ഇറങ്ങിപ്പൊരുതാരെ...
പുരവിയൊട്ട കാലാടംകടം പട്ടവിഴുംപ,
[പൊടികളിളകിടവെ."

പടകടം വ്യാപിച്ചു ഭയങ്കരമായിരുപുറത്തുനിന്നും പോരു നടത്തി. ആന, കുതിര, കാലാടം എന്നിവ പട്ടവീണു. പൊടിയിളകിയും യുദ്ധക്കളം വിവർണ്ണമായി.

"വെറിയോട്ട ചിലമറവർ പട്ടാണിപ്പടയും
പടകളഞ്ചിടവേ പാരവെടികൈവെടിചുട
കുപ്പുമിട്ടകുതിരപ്പട ഇറക്കിവരവെ—
തിരുവിതാംകൂർസൈന്യം.

തുരിശപരിശകുന്തം കടത്തല ഈട്ടിക്കാർ
സിമ്മംപോൽ ചിനന്നുവാറാർ—സിമ്മംപോൽ ചിനന്നു
[വാറാർ

കരുത്തും പടിച്ചിനന്തു—അങ്കവരും ഇങ്കിവരുമാക
കളത്തിലെതിർത്തുമുട്ടി ജനത്തിടെ മടിവാർ ചിലർ
മടിവാർ വെടികൾകൊണ്ടു—വെടികൾകൊണ്ടു
ചിലവർകൾ തലൈഉരുള

മറിന്തു വിഴുന്തുകന്നം ശിരങ്കൾ പൊടിപെടവെ
ഉടലിൽ കണൈകൾ കൊണ്ടു—കണൈകൾകൊണ്ടു
ഉടലിൽ കുരുതിചിന്ത.

ഒൻറുപോലെ അടന്തേറി ഉരത്തിൽ പൊരും നേരത്തിൽ"

ഉഗ്രമായ ആയോധനത്തിൽ പട്ടാണിപ്പടയേയും, രാകുത്തന്മാരേയും, മറവന്മാരേയും, വടുകരേയും നമ്മുടെ പട അരിഞ്ഞുവീഴ്ത്തുകയും വലിയ തോക്കും ചെറിയ തോക്കുകളുമിടവിടാതെ ഒഴിച്ചുകൊണ്ടിരിക്കയും മററായുധങ്ങളെ രക്തപാനത്തിനു നിയോഗിക്കയും ചെയ്തു. ഇരുഭാഗക്കാരും ഘോരഘോരമായ പോരു നടത്തി. പടക്കളത്തിൽ പടയാളികളും മറവും മുറിവേറ്റു വീഴുന്നു. അന്ത്യശ്വാസം വലിക്കുന്നു. അവശരായിത്തീരുന്നു. ആത്മനാഥനുപകരം ആജ്ഞകളും ആപ്പുകളും "ഇടിപോൽ മുഴങ്കിടവെ" അട്ടിക്കെട്ടും മാറെറാലിക്കൊണ്ടു. രാമപ്പയ്യൻ വീണ്ടും പാളയത്തിൽനിന്ന സൈന്യങ്ങളെ ആനയിച്ചു. അശ്വസൈന്യങ്ങളെ ത്വരിതമായ് വരുത്തി നാലുപാടും ശരമാരി തൂകി. പടകളെ എണ്ണുമിളക്കി. നമ്മുടെ വീരപുരുഷൻ പദാതികളെയും, അശ്വാരൂഢന്മാരെയും തന്ത്രപൂർവ്വം നയിച്ചിട്ടു മുന്നണിയിൽ നിന്നു ധീരധീരം പോർനടത്തി.

"ചന്തമൊത്ത പട്ടാണിത്തുരയൊരുവൻ പട്ടിടവെ
ചക്കരങ്കൾ വിട്ടെറിന്തു തലയറു കീഴ് വിഴവെ"

ശത്രുക്കൾ ഒമ്പതുനു. വിജയാഗമം സമീപിച്ചു.

"ഇന്തനേരമിടത്തറത്തവനും—
ആനശങ്കരൻ കോതൻ മരുകനും
വിന്തചേരും കലയപ്പെരുമാളും
വെങ്കലക്കൊടി കൊളത്തുരുരാമനും
തുയ്യശങ്കുക്കൊടിക്കാരൻ ശകരവൻ
തെന്നിലും പുകഴ് മാത്താണ്ഡവമ്മരും
ശിങ്കംപോലൊത്ത മാത്താണ്ഡൻ രാമനും
മന്നർമെയ്യും ചെറുവള്ളിപിള്ളയും
വലിയവിള പനയറരാമനും
മുന്നണിയും വെട്ടിത്തുരത്തിയെ
മിഞ്ചും വീരപ്പടയോടെ പോരാരെ
അണ്ണാ കോനാരേ അൻപുമലക്കകം
ആരവാരംകേട്ടോടിപ്പോറാരോ
വേടിക്കയാക ഉപായം വൈത്തുടൻ
വീരർതങ്കളും വാങ്കിവിട്ടാർകളേ."

ഇനി നോക്കി നിന്നാൽ ഇരവിക്കുട്ടിപ്പിള്ള ജേതാവായ് ഭവിക്കും. നമ്മുടെആലോചന വ്യർത്ഥമാകും എന്നു ഇളം പയിൽ പണ്ടാരം, ഇടത്തരപോററി, ചിലപിള്ളമാർ മുതലായ യോഗക്കാർ കരുതിയിരുന്നതിനുള്ളിൽ സേനാനിയുടെ വരുതി കൂടാതെ പുരോഭാഗത്തെ വ്യൂഹം ഭേദിച്ചൊഴിച്ചിട്ട് അജുപാലന്മാരെപ്പോലെ കാട്ടിലേക്കു മറഞ്ഞു. പെട്ടെന്നു അണിമുറിഞ്ഞു കണ്ടതിനാൽ മാറാർ ഏപ്പാട്ടു കൊമ്മിച്ചു.

"ചതിത്തുപ്പൊരവെ വന്തു
ചക്കിലിമാർ പട്ടാണിമാർ"

വീണ്ടുമുള്ളിൽ കടന്നു മുന്നോട്ടാഞ്ഞു കയറി.

"എണ്ണിലാതശ്രം വന്തു കൊള്ളവെ
ഏറ്റശ്രോകർ മേലടന്തേറിനാർ"

മലയാം പട്ടാളക്കാരുടെ ശരമാരി സഹിക്കാൻ പാടില്ലെന്നായപ്പോൾ വടുകപ്പടയിലെ കുതിരപ്പടയാളികൾ ഇവിടത്തെ സൈന്യനിരയ്ക്കുള്ളിൽ കുതിരകൾ പായിച്ചു പടാതികളെ വീഴ്ത്തിത്തുടങ്ങി.

"ചതിത്താരെ നമ്മെയീന്ത
വട്ടകത്തുരകളോടെ
പൂത്തിമികവേ കലങ്കി.
ഉറ്റതോ രിരവിപിള്ളൈ
പൊരുതാർ വിതിയെനവേ
വടുകത്തുരകളോടെ."

മിത്രഭാവത്തിൽനിന്ന സ്വജനങ്ങളുടെ ചതി ആ സമയം മനസ്സിലാക്കുവാൻ ഗ്രഹിക്കാൻ കഴിഞ്ഞുയെങ്കിലും ചെയ്യേണ്ടതു ചെയ്യാ, ഈശ്വരേച്ഛപോലെയാകട്ടെ എന്നു, ധൈര്യമായിട്ട ശത്രുക്കളുടെ നേർക്കണഞ്ഞു. പ്രതിരോധികളുടെ സംഖ്യ വർദ്ധിച്ചു, കിട്ടിയതക്കം പാഴാക്കാതെ എല്ലാ വിഭാഗങ്ങളും തെരുതെരെ ആയുധങ്ങൾ പ്രയോഗിച്ചു. ഇവിടത്തെ എല്ലാ പട്ടാളങ്ങളോടും അക്ഷൗഹിണി സംഖ്യാതീതമായ നേത്തു വാക്കാണം നടത്തി അപകടാവസ്ഥ കണ്ടു.

"പാറനാമും മലയേറിക്കൊള്ളുവോം, എന്നു
വാത്തചൊന്ന കൂടക്കാരനെപ്പാത്തു
മാറിവൈത്താർ അടി ഇടി പോലവേ
മന്തിരിയായിപ്പിറന്തോരു നാമിനി
മാറിപ്പോവതും ശരിയല്ല കാണുവോം."

മറ്റുള്ള വരെപ്പോലെമലയേറിക്കൊണ്ടാൽ നമുക്കുംരക്ഷയുണ്ടാകുംഎന്നു കൂടക്കാരൻ പതുക്കെ ധരിപ്പിച്ചു. അന്നു നെടിയകുടയും ചങ്ങലവട്ടയും പിടിമൊന്തയും മറ്റും മുറ്റും അന്തസ്സുകാക്കു സ്ഥാനചിഹ്നങ്ങളായിരുന്നു. ശീലക്കുട, റാന്തൽ, സോടാക്കുപ്പി ഇത്യാദി ഇന്നു അവയ്ക്കു പര്യായങ്ങളായ് തീർന്നിരിക്കുന്നു. ഉടൻ രുഷ്ടനായിട്ടു, "ആരെവിടെയെങ്കിലും പൊക്കൊള്ളട്ടെ. മന്ത്രിയായ് ജനിച്ച നാം പിന്തിരിയുന്നതാണോ ധർമ്മം എന്തായാലും പുറകോട്ടില്ല." എന്നാ സ്വാത്മത്യാഗി പറഞ്ഞിട്ടു പോർക്കണ്ണെഞ്ഞു. അക്കാലങ്ങളിൽ ഉദ്യോഗങ്ങൾ കുടുംബപാരമ്പര്യപ്രകാരം കൊടുത്തിരുന്നതിനാലാണ് "മന്ത്രിയായ്പ്പിറന്നോരുനാം" എന്നു നിർദ്ദേശിച്ചിരിക്കുന്നതെന്നു തോന്നുന്നു.

"അന്തഃപുരംപിള്ളയ്ക്കു കണ്ണാനദേവനാടിച്ചുനൽ
അയ്യപ്പൻ പള്ളിച്ചുയോടെ, അരത്തനൂടയാൻപട്ടെ
ചന്തിരത്തിൽ കേളുനായർ, ചൂരിയൻ പരപ്പക്കുട്ടി.
തൊട്ടിയപടകളോടെ, വെട്ടിയെപൊരുതുംപട്ടാർ
കൊച്ചിംവിപണിക്കരും, കുഞ്ഞുമാതി ഈശ്വരനും
കോതച്ചൻമാത്താണ്ടപ്പിള്ള, കുളത്തൂരിരയിമ്മനും
അറമില്ലാപോക്കളത്തിൽ, വീണവരെല്ലാരും പട്ടെ.
ആണഴകൻമന്ത്രിരിക്ക, ആനക്കുടക്കാരൻപട്ടാൻ
മിക്കയാനപോക്കളത്തിൽ, വീണവരെല്ലാരും പട്ടെ
വേഗത്തുടൻവീരരുടെ, ആടപ്പുരിതന്നെവെട്ട"

വരുന്നതു വരട്ടെ, എന്നു് പോർ നടത്തിവരവെ മന്ത്രിയുടെ സമർത്ഥന്മാരായ ഉപസേനാനികൾ കൊല്ലപ്പെട്ടു. കുടക്കാരനും ഹതനായി. അദ്ദേഹം കയറിയിരുന്ന കുതിരയും

Dr. P. C. C. PILLAI,
VANCHIYOOR, TRIVANDRUM.

മുറിവേറുവീണു. ഇതുയുമായപ്പോൾ പ്രതിപക്ഷത്തിൽ പ്രധാനികൾ—

"പററിയെരാകുത്തന്മാർ, ചുററിയെ വളെന്തുകൊണ്ടു
പുത്തിയോടൊത്തവൈരി, തത്തിരമോടുമുട്ടുക
വെട്ട പാരിരവിക്കുട്ടി, പ്പിള്ളയുടെ മെയ്യതിൽ
വിഴുകിറവാളയ്യോ, യിന്നുംവിലകാ"

വലയം ചെയ്തിട്ട പ്രയോഗച്ച ശസ്ത്രജാലത്തവത്താൽ ദിഗന്തം മുഴങ്ങി. സേനാധിപന്റെ നേക്കുണ്ടാകുന്ന വെട്ടുകളൊന്നും തെററിപ്പോകുന്നില്ല. വളയപ്പെട്ട സൈന്യനിരയ്ക്കുത്തുനിന്നും ഒറയ്ക്കു തടുക്കുകയും വെട്ടുകയും ചെയ്യുന്നമദ്ധ്യേ പിൻഭാഗത്തുനിന്നു.

"വെട്ടിനാനിരവിക്കുട്ടി, പ്പിള്ളയെ കുതിരക്കാൻ"
ചതിവായ്ക്കൊണ്ടവെട്ടു, പിള്ളയ്ക്കു നല്ലവണ്ണം പററി

എന്നാലും,

"കയ്യതിലുടവാളും മെയ്യിറുകക്കെട്ടി.
തിറമോടോയിരവും കടകവും വെട്ടിട്ടുവാർ."

അരയും തലയും മുറുക്കി, ഓതിരം, കടകം, തുടങ്ങിയ അടവുകൾ നമ്മുടെ ആയോധനചതുരൻ പ്രതിനിമിഷം പ്രയോഗിക്കുവേ.

"വയ്യകമതിലെപല വട്ടകത്തുരനിക്ക
ആറുകുതിരയും വട്ടകരും അതിചിനമൊട്ട മുട്ടുക
വെട്ടിനാരിരവിക്കുട്ടിപ്പിള്ളയെ മറവപ്പടെ
വിതിയോ ശിവനെയെൻറു! ശിവലോകം ചേരുവരാം."

തിങ്ങിനിന്ന സൈന്യത്തിൽനിന്നു കുറേ അശ്വാരോഹകന്മാർ കോപാവേശത്തോടുത്തു. മറവപ്പടകളും ചേർന്നു മമ്മാ

നോക്കി ചെട്ട് ഏർപ്പിച്ചു. ശിവമെന്നു് ആ രാജ്യാഭിമാനി വീ
ന്നുസഭ്യം പ്രാപിച്ചു.

"തിട്ടനെത്തലയും വെട്ടി, ചൊറിക്കൊട്ടം കൊട്ടിക്കൊണ്ടു
ചെപ്പുമുടനീത്തങ്കാട്ട, പാളയത്തിൽ പോയിരുന്താർ."

ശത്രുക്കൾ ജയഭേരി അറഞ്ഞുകൊണ്ടു് ഇരുത്തങ്കാട്ട പാള
യത്തിൽ സസന്തോഷം മടങ്ങിച്ചെന്നു.

വിരുത്തം.

"ഇരുന്തപോതിവർകളെല്ലാം ഇരവി തൻ തലയുംവെട്ടി
തിരുന്തവെപൊതിനതുപട്ടിൽ ശീക്കിരം കൊട്ടുത്തുവിട്ടാർ
പൊരുന്തവേ ഓട്ടനോടിപ്പോവതുതിരുമലൈനേന്തിരൻ
ഇശൈന്തതലൈ മുന്നൈവെത്തുതൊഴുതടിയണങ്കിനിൻറാൻ"

രാമപ്പയ്യൻ തന്റെ സ്വാമിയുടെ തിരുമുല്കാഴ്ചയായിട്ടു
വെട്ടപ്പെട്ട ഗംഭീരാശയന്റെ ശിരസ്സുപട്ടിൽ പൊതിഞ്ഞു ഭൃത്യന്മാർവശമയച്ചു. നായക്കർ വിജയവാർത്തയറിഞ്ഞു സന്തു
ഷ്ടനായി, മുമ്പേ കാണുന്ന തലയേതാണെന്നു ചോദിച്ചു.

"അങ്കുവാഞ്ചീമണവാളൻ, ആർംപഞ്ചിനേന്തരുടെ
നേന്തരുടെ തുരൈകളിലെ, വീരരെട്ടുപേർകളുണ്ടു്
ഇൻറുപുകഴ്കരത്താളൻ, ഇരവിക്കുട്ടിപ്പിള്ള യുടെ
ചേർന്തതുതെതലയിലെൻറു, ചെപ്പിടുവാനോട്ടാളൻ"

വഞ്ചിമന്നവന്റെ മന്ത്രിപ്രധാനന്മാർ എട്ടുപേരുണ്ടു്. അവരിൽ മുമ്പനും പ്രശസ്തപരാക്രമിയുമായ ഇരവിക്കുട്ടിപ്പി
ള്ളയുടെ ശിരസ്സാണു സന്നിധാനത്തിലിരിക്കുന്നതെന്നു ഭൃത്യൻ
ഗ്രഹിച്ചു. അതുകേട്ടു സൂക്ഷിച്ചുനോക്കി.

"അയ്യോ ഇന്തതുരയപ്പോലെ അവനിതന്നിൽ പാത്താലൊരു
വനുണ്ടോ?"

വയ്യംപുകഴ്ന്തിട്ടംഇവരുടയ,വൈരപണിയിട്ടകാതഴകോ

DR. P. C. C. PILLAI.
VANCHIYOOR, TRIVANDRUM.

കോതിട്ടം വന്നമുടിയഴകോ, കുൻറകസ്തൂരിപ്പൊട്ടഴകോ
കയ്യുമെഴുന്നി ച്ചോയിവരൈവെട്ട്. കതത്തുപ്പിടിത്തിങ്കേ
[കൊട്ടവരാമൽ
പോതമറിയാതരാമപ്പയ്യൻപോരിൽ ചതിയാകകൊൻറുപോട്ടാൻ
തീതുവരാതെതൂരതലയെ, തിരുമ്പിപ്പാളയത്തിൽ കൊട്ട
(ത്തുംവിട്ടാർ"

കഷ്ടം ഇതുയോഗ്യതയുള്ളവർ വളരെ ദുർല്ലഭം. സർവ്വ സംപൂജ്യനായ ഇദ്ദേഹത്തിൻെറ വക്ഷകുണ്ഡലങ്ങളണിഞ്ഞ കാതും, കസ്തൂരിപ്പൊട്ടും, കേശബന്ധവും എത്ര മനോഹരമായിരിക്കുന്നു. ഈ വീരപുഷ്പത്തെ വെട്ടുന്നതിനു കയ്യും പൊങ്ങിയോ? ഹാ! കടുംകയ്യായല്ലോ യുദ്ധത്തിൽ ബദ്ധനാക്കിക്കൊണ്ടു വരേണ്ടതായിരുന്നു. പയ്യാലോചനകൂടാതെ രാമപ്പയ്യൻ ചതിച്ചുകൊന്നുകളഞ്ഞല്ലോ. ഇപ്രകാരം സാധിപിച്ച ശേഷം നായക്കർ തല കേടുകൂടാതെ പാളയത്തിൽ തിരിയെ എത്തിക്കാനജ്ഞാപിച്ചു.

(4) നായക്കർ യുദ്ധവേളയിൽ ആരുവാമൊഴിക്കപ്പുറം പണകൂടിയിൽ പാളയമടിച്ചു പാർത്തിരുന്നു. യുദ്ധക്കളത്തിൽനിന്നും നമ്മുടെ വീരസേനൻെറ ശിരസ്സു ശത്രുക്കൾ ജയചിഹ്നമായ് കൊണ്ടു പോയപ്പോൾ

"പാളയത്തിൽ തല പോനപോത
പാരരശർമുന്നേ ഒരുവനോടി
കട്ടക്കുടയാതെ പുലിയൂരിൽ
കാവലരെച്ചെൻറു മുഖംകാട്ടി
മന്നവരേ! നീർവളർത്ത
മനതീരനിരവിപിള്ളൈ
മറവർ വളൈന്തയ്യോ വെട്ടുകിറാർ."

നായകനപ്പോഴുത്താനം പുലിയിക്കുറിച്ചിയിൽ എഴുന്നള്ളിയിരുന്ന വേണാട്ടടികൾ ചാരൻ മുഖേന ഗ്രഹിച്ചു.

"കേട്ടപൊഴുതിലെ മന്നവരും
കെട്ടതിവന്തതേയെൻറഴുന്തരുള
കയ്യിലുടവാളും ഇരുന്തില്ലയോ
കാരിക്കുതിരയും അങ്കില്ലയോ
വേങ്കുറുപുലിപോലെ പാരശൻ
വന്തുനിൻറു മന്നർ തിരുവുള്ളമായ്
മറുമുള്ള മന്തിരിമാർകളോടെ
ചെൻറുകണ്ടു ശ്രീരാമർ പോലെ
തെന്നർപെരുമാളും തിരുവുള്ളമായ്
കനകപള്ളിയന്തിലാവിൽ വൈത്തു
പട്ടവീരകാളികൊണ്ടുമൂടി പാടുകൊണ്ടു മന്നരെഴുന്തരുള."

പണ്ടു ശ്രീരാമൻ ഇന്ദ്രജിത്തിൻെറ വേൽകൊണ്ടു വശനായ സൗമിത്രിയെച്ചെന്നെടുപ്പിച്ചതുപോലെ വലിയതമ്പുരാൻ യുദ്ധരംഗത്തിൽ മന്ത്രിമാർ സഹിതം ചെന്നു വീരപുരുഷൻെറ ദേഹം പല്ലക്കിലെടുപ്പിച്ചുകൊണ്ടു മടങ്ങി. വഴിക്കുവെച്ചു പിള്ളയുടെ ബന്ധുക്കൾ വിലപിക്കാൻ തുടങ്ങി. അപ്പോൾ നിങ്ങളെ രക്ഷിക്കാൻ നാമുണ്ടല്ലോ. നമുക്കല്ലെ പരാധീനസ്ഥിതിവന്നുപോയി എന്നു കല്പിച്ചു "ഉറുതി പല ബുദ്ധി ചൊല്ലി ഉപശാന്തി വരുത്തീട്ട ഇനി പിള്ളയുടെ മാതാവിനെ എങ്ങനെ ആശ്വസിപ്പിക്കേണ്ടു എന്നു വിചാരമഗ്നനായി, ചതുരനായ ഒരു ഭൃത്യനെ ആദ്യം അയച്ചു വസ്തുത ഗ്രഹിപ്പിച്ചു. വാർത്ത കേട്ട ആ സാധുസ്ത്രീ സംശയം തോന്നി മാളിക താഴത്തിറങ്ങി നോക്കുമ്പോൾ മന്നർ കാൽ നടയാക പള്ളിയന്തിലാവു മുമ്പിൽ ആഗമിക്കുന്നതു കണ്ടു. "മന്നർപിള്ളയുടെ

DR. P. C. C. PILLAI,
VANCHIYOOR, TRIVANDRUM.

പീഠിലങ്കം തന്നിലേ വന്തിരുന്താർ" വലിയതമ്പുരാൻ എഴുന്നള്ളി ഇലങ്കത്തിലിരുന്നു. മേനാവു മുറത്തിറക്കി.

"മങ്കനല്ലാളോടിച്ചെൻറു കയ്യാൽ മൂടാവി നീക്കി.
മെയ് കുളിരെക്കണ്ടു..."

മേനാവിൻെറ ഉള്ളിലുള്ള മൂടുപടം നീക്കി ദർശിച്ചിട്ട്,

"ഏങ്കിനെട്ട മൂച്ചെറിവ്വ് പിമ്മി അഴ്താളേ തായാതം"

എങ്ങനെ പ്രലപിക്കാതിരിക്കും.

"ആരംവീരാ എന്നിരവി എന്നരുമക്കൊടിയഴകേ
അഴകുള്ള മന്തിരിയേ ആശമകനേ അയ്യോ
അഴകുള്ള കണ്മണിയേ ഉന്നുടയ പൊല്ലാപ്പോ
ഉടയവർ കല്പനയോ പീടുചെളിയാച്ചു്
ഉന്നുടയ വീടുമുറ്റം കാവാച്ചു് ആറുമെൻറാ
ലാറുവനോ അരുങ്കനലിൽ വിഴ്മളവും
തീരുമെൻറാൽ തീരുവനോ."

ഇങ്ങനെ ശോകാതുരയായ ജനനിയെ,

"ആയിഴയോതായേ അഴവേണ്ടാം
അഴതാലിരവിപിപ്പിള്ളൈ വരമാട്ടാൻ."

ആ സ്വാത്മധീരനെ ഓർത്തു ഇനി വിലപിക്കുന്നതു നന്നല്ലെന്നും മറ്റും തത്സോപദേശംചെയ്തു കല്പിച്ചു ഒരുവിധം സമാധാനപ്പെടുത്തി.

ഈവിധ സംഭവം അന്നു നായർ തറവാടുകളിൽ (ഈ കുടുംബത്തിലും) സഹജമായിരുന്നതിനാൽ പൂർവകഥകളോർത്തു അഭിജാത്യമുള്ള പിള്ളയുടെ മാതൃജനം ദുഃഖസംയമനം ചെയ്തു അപരക്രിയകർക്കു പ്രതിക്രിയകളുടെ പാളയത്തിൽ ചെന്നു പിള്ളയുടെ തലകൊണ്ടു വരേണ്ടിയിരിക്കുന്നു. അതിനു നമ്മുടെ ഭടന്മാരിലാക്കെങ്കിലും ശേഷിയുണ്ടോ? എങ്ങനെയെങ്കിലും സാധിക്കണമല്ലോ.

"കരുതിയ തലകൊണ്ടു വരുവോനുക്ക്
കല്ലുനാട്ടിഇറയിലിയും കൊടുപ്പേനാൻ"

എന്നു കല്പിച്ചു. വടുകപ്പുടയുടെ കുതിരപ്പട്ടാളത്തെയും ഭേദിച്ചു പോകുന്നതെങ്ങനെ; ശിഷ്യസ്സു എങ്ങനെ കൈവശപ്പെടുത്തുക; എന്നിങ്ങനെ വിചാരപരമ്പരകളാൽ പരുങ്ങിട്ട മുഖത്തോടുമുഖം നോക്കി. അടിയങ്ങൾ കല്പനപോലെ വിടകൊള്ളാം. ഉടനടി മടങ്ങിവരുന്നതിനു "നമ്മാലസാദ്ധ്യം ധരണീപതേന്ദ്രാ" എന്നു പടയാളികളറിയിച്ചു.

ഇനി എന്തുവേണ്ടു എന്നു തമ്പുരാൻ ചിന്താകുലനായി. അന്നേരം തിരുവനന്തപുരത്തു ശ്രീപത്മനാഭസന്നിധിയിൽ കാണിക്ക വെച്ചു പ്രസാദം വാങ്ങുന്നതിനു പോയിരുന്ന സചിവോത്തമൻറെ (K) അശ്രിതനായ ചക്കാല കാളി നായർ ദുസ്സ്വപ്നാദിദുർന്നിമിത്തങ്ങളാൽ സന്ദിഗ്ദ്ധമാനസനായിട്ടു വേഗം മടങ്ങിവന്നു. അയാൾ വഴിക്കു ബന്ധുമിത്രങ്ങളുടെ സൽക്കാരങ്ങളൊന്നും സ്വീകരിക്കാതെ "തൊങ്ങലാട്ടമാക ഓടി, വിസ്താരമായ ചക്കാലക്കാളിവന്തർ മന്ത്രിരാൻ പാട്ടകണ്ടെഴുതാർ"

"ചൊന്നാനെ കാളിനായർ—തുക്കമിനിയെന്ന
എൻതുരയോടെ വെട്ടിപ്പുട--വിതിമുടിയാതി ല്ലയൻറാൻ
മുന്നാളിൽ എന്നെയഞ്ചു വയതിൽ കൊണ്ടു വളത്തി
മുൻപിലെഴുത്തും ചിരമങ്കും പടിപ്പിത്തരെ.
പടിപ്പിത്താർ പതിനെട്ടു വകയ്യും വല്ലവനാക
കയ്യിപ്പോൾ അടരുക്കും ഉതകാമൽ ഏതുക്കുനാനിരുന്തെൻ
എൻറുചൊല്ലിക്കാളിനായർ
ഏങ്കിവിഴുന്തും, മണ്ണിലെ വിഴുന്തഴുതും
മാത്താണ്ടൻ ചടയൻചെൻറു
കൈപിടിത്തേയങ്കിളക്ക"

യജമാനന്റെ മൃതദേഹംകണ്ടു കാളിനായർ പരിതപിച്ചു ബാല്യംമുതൽ വളർത്തി, കാതിരം, കടകം, ചട്ടലം, മണ്ഡലം, വൃത്തചക്രം, സുകങ്കാളം, വിജയം, വിശ്വമോഹനം, തിയ്യുഗ്മണ്ഡലം, ഗദയുദ്ഗഹാരം, ശത്രുഞ്ജയം, സൗഭദ്രം, പടലം, പുരാജയം, കായവ്യൂഢി, ശിലാഖണ്ഡം, ഗദാശാസ്ത്രം, അനുത്തമം എന്നീപതിനെട്ട ആയോധനാഭ്യസനങ്ങളും അതിനു മുമ്പു അക്ഷരാഭ്യാസവും ചെയ്യിച്ചു വളർത്തിയ സ്വാമിക്കു വേണ്ടേ കാലത്തുപകരിക്കണം സഹകാരിയായ് നിന്നു ചോരനടത്തുന്നതിനും ഭാഗ്യമില്ലാതായല്ലോയെന്നു വിധിയെ ശപിച്ചു. ഈ യുദ്ധത്തിലെ അവസാനമിതുകൊണ്ടായോ? ഇത്യാദി പറഞ്ഞു വിലപിക്കാൻ തുടങ്ങി. ആയാളുടെ ഉറവനായ മാർത്താണ്ഡൻ ചടയൻ ചെന്നെഴുന്നേല്പിച്ചുപശാന്തി പറഞ്ഞു.

അനന്തരം കാളിനായർ,

"പഞ്ചിപാലകുലമന്നരെച്ചൊൻറടി തൊഴുതു
എന്തൻ മന്തിരി തലൈകൊണ്ടു വരുപ്പോനേൻ മന്ന-
ഒട്ടും പയമില്ലൈ പാളയത്തിലിൻറു പോക
ഉറവടിവിടൈയെനക്കുത്തരുമെൻറാൻ"

മഹാരാജാവിനെക്കണ്ടു വന്ദിച്ചു മന്ത്രിവരന്റെ ശിരസ്സു കൊണ്ടു വരുന്നതിനു കല്പന കിട്ടണം. വൈരിസഭയിൽ ചെല്ലുന്നതിനുശേഷം ഭയമില്ല, എന്നുണർത്തിച്ചു. നാടുവാഴി സസന്തോഷമനുവദിച്ചു.

"കപ്പുത്തുടൻ ഓടിച്ചൈൻറപ്പതിയും വിട്ട
കടന്തുടൻചൈൻറു കണിയാകുളമതിലേതാൻ
കാളിമന്തിരി പാട്ടപ്പെട്ട കുളമതിലേചൈൻറാൻ
പാടുപട്ടകളം തന്നൈത്തൊഴുതവൻ നിൻറു

പരിചിനോടൻ കാളിതമ്മനതാലെ നിനൈന്താൻ
ചെൻറുപശുന്തലയിൻറു കൊണ്ടു വരവേനാൻ
നേശമുടൻ എനക്കുതവി തരവേണം."

ആ വിപടിധീരൻ, മന്ത്രിവയ്യൻ ദേഹത്യാഗംചെയ്ത കണിയാകുളത്ത് ഓടിച്ചെന്നു നമിച്ചു ഉദ്ദേശസിദ്ധിക്കുള്ളഴിഞ്ഞു ധ്യാനിച്ചു

"എൻറുതൊഴുതു നടന്തവൻ പാളയംതനിൽ
പരിശിനോടൻ രാമപ്പയ്യൻ പടയുടെ നടുവിൽ
ചെൻറുപുകുന്തനെക്കണ്ടു മറവപ്പടതാനും
ചീറത്തുടൻ കുതിരപ്പടൈ വിട്ടു വളൈന്താർ."

രാമപ്പയ്യന്റെ ഈത്തക്കാട്ടു പാളയത്തിൽ നിഴുങ്കം പ്രവേശിച്ചു ആളെക്കണ്ടു അവിടത്തെ സൈന്യങ്ങൾ ആരാണിത്രഅഹങ്കാരത്തോടെ കടന്നുവരുന്നതെന്നു രോഷംകൊണ്ടു കുതിരകളോട്ടകൂടി വളഞ്ഞു.

"വന്തവനെ വളയക്കണ്ടു കാളിനായർചൊല്ല
ഈ വന്നപ്പുരവിയെക്കളയാമൽ കൊടുപോങ്കോ
എൻറുചൊല്ലിക്കാളിനായർ ഈട്ടിമുറുകെപ്പിടിത്തു
എന്നെതിരെവാറ കുതിരകളെ ഈടുചെയ്യേനെൻറു
മന്നംപുകൾംകൊണ്ടു വഞ്ചിവേന്തർ തിരുവാനേ
മാറിപ്പോവതില്ലൈയെന്നു എതിരേ കേറിച്ചെല്ല.
മലയാളി മനതുറപ്പും ചീറവും തനക്കുണ്ടു
മറവരെല്ലാം മനംമടിന്തു അകലെ മാറിനിൻറാർ."

കാളിനായർ-ലക്ഷണയുക്തമായ കുതിരകളെ വധിക്കാനിടയാക്കാതെ കൊണ്ടു പോവിൻ എൻറെ നേക്കു വരുന്നവയൊന്നും അപകടം പററാതെ പോകയില്ല. പട കണ്ടു മാറിപ്പോകുന്നവനല്ല ഞാൻ. ഇതു സത്യമാണു്. എന്നു ധൈര്യപൂർവം

മുമ്പോട്ടാഞ്ഞ ആ ടേന്റെ വിക്രമം കണ്ടു മറവപ്പട അറച്ചു നിന്നു.

"കൂടിനിന്റെ ശേപുകരിൽ ഒരുവനോടിച്ചെന്റു
മൊഴിഞ്ഞാനെ ഒരുവനിന്റു പതിയിൽനിന്റുവന്താൻ"

ഒരു സൈനികൻ ഈ വിവരം രാമപ്പയ്യന്റെ അടുക്കൽ അറിയിച്ചു.

"വന്തമലയാളിതടെയിങ്കേ കൂട്ടിവാടാ
മൊഴിന്തവനെക്കൂട്ടിത്തുതമ്മുന്നെക്കണ്ടു."

രാജധാനിയിൽനിന്നും വന്നിട്ടുള്ള മലയാളിയെ തടസ്സം കൂടാതെ മുഖദാവിൽ കൊണ്ടുവരുന്നതിനു രാമപ്പയ്യൻ ആജ്ഞാപിച്ചു. കാളിനായർ അവ്വണ്ണം ഹാജരാക്കപ്പെട്ടു.

"നീ എങ്കേ പോകവന്ത മലയാളി എൻറു കേട്ടു-
ഈററപ്പുലി പോലെയവൻ വാത്തയെല്ലാം ചൊല്ല

ശത്രുനേതാവിന്റെ ചോദ്യത്തിനു കാളിനായർ താൻ യുദ്ധവേളയിൽ പാദകാണിക്ക സമർപ്പിക്കാൻ പോയിരുന്നു. മടങ്ങിവരും മുമ്പേ രക്ഷാപുരുഷനായ മന്ത്രിവീരൻ ഹതനായി. ഇനി നിങ്ങൾ,

"തന്തുവിടവേണമെന്തർ യജമാനർ തലയേ
ശണ്ടപിണയാതെയെൻറു കാളിനായർ ചൊല്ല"

യജമാനന്റെ തലതന്നേക്കുക;അല്ലെങ്കിൽഇനിയുംപോർ നടത്താം എന്നു കാളിനായർ പറഞ്ഞു.

രാമപ്പയ്യൻ:—

"ഒൻറാകിൽ തരുവേനെൻറു രാമപ്പയ്യൻ ചൊല്ല
പത്തു നൂറു തല കിടക്കും പാളയത്തിൽ താനേ
ഇരവിപിള്ളെ തലയെ നീ എടുപ്പടി കണ്ടെടുപ്പായ്."

ഇവിടെ അനേകം തലകൾ വെട്ടിക്കൊണ്ടു കിടക്കുന്നതിൽ ഏതെന്നു കണ്ടു പിടിക്കുക, തന്നേക്കാം.

"അപ്പൊഴതേ പാളയത്തിൽ, കാളിനായർ ചെൻറു
പാത്തുമനം തള്ളാടി പാളയത്തിൽ നിക്ക
വന്നാമൊത്ത പിള്ളയുടെ തല കണ്ടില്ലെങ്കിൽ
വെട്ടിട്ടുവേനിവിടെയെറു കാളിനായർ ചൊന്നാൻ"

ധീരനായ കാളിനായർ പടക്കളത്തിൽ അനുവാളപ്രകാരം തിരഞ്ഞു നോക്കി. വിഫലമാണെന്നു തോന്നി, കോപതാപങ്ങൾ വർദ്ധിച്ചു. എന്തോ കപടമുണ്ടെന്നുദ്ദേശിച്ചു. അന്വേഷണം സാധിച്ചില്ലെങ്കിൽ ഇവിടെ ഒരു ചെറിയ യുദ്ധം നടത്തി പ്രാണനെ ത്യജിക്കുന്നതാണെന്നു കാളിനായർ പ്രഖ്യാപനം ചെയ്തു. അയാളുടെ സ്വാമിഭക്തിയും ശൂരതയും കണ്ടു രാമപ്പയ്യർ സൂക്ഷിച്ചിരുന്ന "പട്ടതിൽ പൊതിഞ്ഞ" തല നൽകി.

"കസ്തൂരിക്കുറിയെക്കണ്ടു കാളി
മുഖത്തടുത്തു കതറിടുവാൻ"

അങ്ങെയുടെ യുദ്ധത്തിനു ഞാൻ കൂടി സമീപത്തുണ്ടായിരിക്കേണ്ടതായിരുന്നു. കഷ്ടകാലം സമ്മതിച്ചില്ലല്ലോ എന്നു പിന്നീടും, കദനങ്ങളോടുകൂടി,

"തറയിൽ പിണമുരുണ്ട കാളി നായരെ
എടുത്തു കണ്ണുനീർ തുടച്ചെടുത്തു
കമ്പളി തനിലിരുത്തി
ഇപ്പടി അഴുതിരുപ്പായോ
ഇതെന്നമായമെൻറു മറവർ ചൊൽവാർ
വരുവാനൊ മലയാളി.
മനതീരൻ ഉന്നൈപ്പോലെ

മറവർ കുലം തന്നിലും കണ്ടറിയേണം
എങ്കൽ വടുകപ്പാളയത്തിലും കണ്ടറിയേണം."

ശത്രു പക്ഷക്കാർ കാളിനായരെ എടുത്തിരുത്തി ആശ്വസിപ്പിച്ചു. ആയാളുടെ ഗുണങ്ങളെപ്പറ്റി അവർ പ്രശംസിച്ചു.

"ഇപ്പടി ഉറപ്പുതുള്ള മലയാളി ഉന്തനോട
ഊരേതു; പേരേതു് ചൊല്ലെൻറാർ."

ഇതു ഉള്ളുക്കുള്ള നിങ്ങളുടെ ഊരും, പേരും ഏതാണെന്നു ചോദിച്ചു.

"കോഴചെറുമനുകാമൽ-
കുഞ്ഞുകാളിനായരെൻറും
ഊരു കുഞ്ഞാകോട്ട ദേശമെൻറു-
ഉറവമാകവേയുരൈത്താൻ കാളി"

സംശയം കൂടാതെ പേരും, സ്വദേശം കുഞ്ഞാകോട്ട (തേങ്ങാപ്പട്ടണത്തിനു സമീപം, കീഴ്കൂളം പകുതി) ആണെന്നും ഉള്ളവണ്ണം ധരിപ്പിച്ചു.

"ഉരൈത്തമൊഴിതനൈക്കേട്ട രാമപ്പയ്യനും മനമകിഴ്ന്തു
മാതം മൂൻറു പൊൻ തരുവേനെൻറു ഇങ്കേനിൻറു സേവിത്തിടലാമോ"

മറുപടി കേട്ട തൃപ്തനായ രാമപ്പയ്യൻ ഞങ്ങളുടെ പട്ടാളത്തിൽ ചേർന്നു സേവനം ചെയ്യാമോ? ശരിയായ പ്രതിഫലം തരാം എന്നാവശ്യപ്പെട്ടു.

"കാളിനായർ—ഉചിതമില്ലാ
ച്ചോറുമുണ്ടു ഇങ്കേ നാനും
നിപ്പതില്ലൈ കൊണ്ടു പോക
വേണം പശ്ചാൽ തലയെ"

ഉചിതമില്ലാത്ത ഉദ്യോഗസേവനത്തിനിഷ്ടപ്പെട്ടന്നില്ല. ശിരസ്സടൻ കൊണ്ടു പോകേണ്ടതാണു്. എന്നു സാഭിപ്രായം തുറന്നു പറഞ്ഞു. അതു കേട്ട രാമപ്പയ്യൻ കാളിനായക്കു പട്ടു മുതലായവ സമ്മാനിച്ചു് വീരശിരസ്സു ആഡംബരസഹിതം കൊണ്ടുപോകുന്നതിനു വരുതികൊടുത്തു.

"പട്ടു തലപ്പാവിൻ കെട്ടു
പച്ചവീരംകാളിപ്പട്ടിനാലേ
മിക്ക തലയും പൊതിഞ്ഞുകൊണ്ടു
അക്കമുള്ള ശേവുകർകൾ
നാലു പേരെ വരവഴൈത്തു-
അരശയാമൽ ചെൻറപ്പതിയിൽ കൊണ്ടു.
അക്കിക്കൊണ്ടു പോരുമെൻറു ചൊന്നാർ"

നാലു ഭടന്മാരെയും അനുയായത്തയച്ചു. നായർ, പടനായകനോടു യാത്ര ചോദിച്ചിട്ടു മടങ്ങി.

"അങ്കുപല്ലക്കിൽ തലവൈത്തു ചെല്ലുക്കണ്ടു
അരശർ പെരുമാളും അതിശയിത്തു കളിക്കുറ"

കാളിനായരുടെ പ്രത്യാഗമനം കണ്ടു വലിയ തമ്പുരാൻ സന്തുഷ്ടനായി,

"വന്തു തല തന്നെ പാത്തു തായാരും
ഇന്നാകുക്കറിയഴകോ നമസ്കാരപ്പൊട്ടഴകോ
കാമനിലും വടിവഴകോ ഉന്നൈ
ക്കൊൻറില്ലയോ പാരിടത്തിൽ
തെക്കുപ്പുര തന്നിലേ-തേവാങ്കമെത്തയിലെ
തേചി തനിച്ചിരിക്ക-മായവഴി പോവതെന്ന
വടക്കെപ്പുര തന്നിലെ-മാതളം പൂമെത്തയിലെ

DR. P. G. G. PILLAI,
VANCHIYOOR, TRIVANDRUM.

തേച്ചി തനിച്ചിരിക്ക-മായവഴി പോവതെന്ന
വെള്ളിക്കരണ്ടകവും-വേതിട്ട ചുണ്ണാമ്പും
* ഒള്ളിയതോർ ചെറുക്കനുമായി ഒയ്യാരനടയഴകോ"

* അഴകുള്ള

ശിഷ്യസ്നേഹം കണ്ട വീരപ്രസൂനം കുറഞ്ഞൊന്നു വ്യസനിച്ചു പോയി. വംശാലങ്കാരങ്ങളെയും ശയനഗൃഹങ്ങളെയും സഹധർമ്മിണിയുടെ ദൈധവ്യത്തെയും ദേഹകാന്തിപ്രചുരിമയേയും ദർശനമാത്രയിൽ സ്മരിച്ചു ദീനനായ് തീർന്നു. ഉടനെ,

"ചെമ്പഴന്തരുളി കേരളപുരത്തിൽ വന്നു
ഇരുപുറവും * മല്ലാരികുമിറിടവേ * സൈന്യം
പതിനെട്ടു വാദ്യധ്വനി മുഴങ്ക
പരിചിനടൻ തലം കുറിത്തു പാടുക്ക".

പൊന്നുതമ്പുരാൻ കേരള പുരത്തെഴുന്നെള്ളി ഉത്തമപുരുഷന്റെ ഉത്തമാംഗം ഛേദിപ്പിച്ചു കുലാചാരപ്രകാരം പ്രേതസംസ്കാരത്തിനു ഒരുക്കങ്ങൾ ചെയ്തിച്ചു. ഇരുപുറവും സൈനികരണി നിരന്നു. പദവികളിലുൾപ്പെട്ട പതിനെട്ടു വാദ്യഘോഷങ്ങളോടു കൂടിയാശൂശാനക്രിയകൾ നടത്തപ്പെട്ടു. "ദശാപത്തടിയന്തിരം" കഴിഞ്ഞതിൽ പിന്നെ സചിവജനനിയെ കല്പിച്ചു കണ്ടു.

"വരുത്തപ്പടവേണ്ടാം-തായേ വാടവേണ്ടാം
വാരാതെ വരുത്തു വന്താലെന്ന ചെയ്യോം."

ഇനി സമാശ്വസിക്കുക. പരിഹാരമില്ലാത്ത നഷ്ടത്തെപ്പറ്റി ഖേദിച്ചാലെന്താകും? എന്നിങ്ങനെ അവർ പ്രബോധിപ്പിച്ചു യഥോചിതം സാന്ത്വനപ്പെടുത്തി.

"ചെറുപ്പത്തുടൻകാളിനായരെ വരവഴെത്തു
തിട്ടെനവെ മന്നവരും കല്പിത്താർ
കുഞ്ഞാകോട്ട ദേശം പേരിൽപറ്റി
കൊടുത്താരെ ഇറയിലിയും കല്ലുനാട്ടി"

കാളിനായരെ വരുത്തി കല്പിച്ചിരുന്നതിനുമണ്ണം കുഞ്ഞാകോട്ട് ദേശത്തിൽ നിലം പുരയിടങ്ങൾം പേരിൽ പതിച്ചു കല്ലുനാട്ടിക്കൊടുക്കാൻ നീട്ടുകൊടുത്തു. ടി വസ്തുക്കൾം പിന്നീടു പേരുമാറിപ്പുതിക്കുന്നതിനു കാളിനായരുടെ അവകാശികളെ സർക്കാരിൽനിന്നും വരുത്തിക്കേട്ടതിൽ തെറ്റിദ്ധാരണ നിമിത്തം നായരുടെ കുടുംബം അന്യനില്പാണെന്നും അവകാശികളില്ലെന്നും രേഖപ്പെടുത്തപ്പെട്ടു. വസ്തുക്കൾം നടുപ്പാട്ടം കെട്ടി വംശജർ ഇപ്പോഴുമുണ്ട്. കല്ലുനാട്ടിയ സ്ഥലം തുലയാവട്ടയുടെ പടിഞ്ഞാറെ നിരപ്പിൽ ദേവസ്ഥാനമായി സ്ഥിതി ചെയ്യുന്നതു് ഇന്നും പ്രത്യക്ഷമാണു്. സ്വപക്ഷക്കാരുടെ വഞ്ചന മനസ്സിലായ ശേഷവും സ്വരക്ഷയെ വിഗണിച്ചു രാജ്യം കൊള്ളയും കൊലയും കൂടാതെ വത്തിക്കണേ! തമ്പുരാനു സൈരമുണ്ടാകണേ! എന്നു മനഃപൂവ്വമായി കരുതി മാതൃഭൂമിക്കു വേണ്ടി ബലിയായി ഭോചിച്ച ഉന്നതാശയന്റെ ആശ്രിതനായ കാളിനായരും യജമാനനിയ്യാണശേഷം ജീവിതത്തോടു പ്രതിപത്തി കാണിച്ചില്ല. അടുത്ത ഒരു ദിവസം മന്ത്രിവയ്യന്റെ മാതാവിനെച്ചെന്നു കണ്ടു. ആയുധശാലയിൽനിന്നും വേണ്ടതെല്ലാമെടുത്തു പോരുക്കാലം ചമഞ്ഞു് ഇലങ്കത്തിലും വന്ദിച്ചിട്ടു, ഓരോ അടവുകൾം കാട്ടിക്കളിച്ചു നില്ക്കുകയും, ഈട്ടിയിൽ പാഞ്ഞു ദേഹാന്തരപ്രാപ്തി വരുത്തി കേരളപുരം ക്ഷേത്രത്തിന്റെ മുൻഭാഗത്തുള്ള പാടത്തിനെ വിലങ്ങിച്ചു പോകുന്ന നിരത്തിന്റെ വലത്തു ഭാഗത്തു തോട്ടരുകിൽ കാണപ്പെട്ടന്ന രണ്ടു ശവക്കല്ലറ

Dr. P. C. C. Pillai
Kanchiyoor, Trivandrum

കർം ഒന്നു കാളിനായരുടെയും പിന്നൊന്നു കുതിരക്കാരന്റെയുമാ
ണൊന്നു പറഞ്ഞുവരുന്നു. അതു ഇരവിക്കുട്ടിപ്പിള്ളയുടെ ശവ
കുടീരമാണെന്നും അഭിപ്രായമില്ലാതില്ല.

"പയലോ ഉനക്കുരുതി" "ഇവ്വയൽവരമ്പോ പഞ്ചി
മെത്തെ" "ഇക്കളവരമ്പോ തലക്കാണി"

എന്നു—പിള്ളയുടെ മാതുവിലാപത്തിൽ കേരളപുരത്തി
ന്റെ തെക്കുവശത്തുള്ള വേപ്പുങ്കോട്ട ഏലാക്കായെ ഉദ്ദേശിച്ചാ
ണു്. ഗ്രഹത്തിന്റെ ദക്ഷിണഭാഗത്തു ശ്മശാനമേപ്പെട്ടുത്തുന്ന
തു പാരമ്പര്യമാകയാൽ പൂരോഭാഗത്തെ നിർദ്ദേശിക്കുന്ന അനു
മാനം സമുചിതമല്ല. ഈ യുദ്ധം,

"പാട്ടമററകൊല്ലം എണ്ണൂററിരുപതാമാണ്ടതനിൽ
ആനതോർ മിഥുനമാസം പതിനെട്ടാം തീയതി;
തിങ്കൾപ്പടി പുണർതം തിങ്കളാഴ്ച വിടിയുംമുന്നേ
വെറനരേ വെല്ലുമന്തച്ചേരമാൻ പടയുംകൂട്ടി."

നടന്നതാണെന്നു വ്യക്തപ്പെടുത്തുന്ന പ്രസ്തുത പാട്ടുഖ
ണ്ഡം നമ്മുടെ ചരിത്രഖനിയിൽനിന്നും ലഭ്യമായ ഒരു രത്ന
മാകുന്നു. യുദ്ധം ഏഴു ദിവസം തുടർന്നു നടന്നു. ഒടുവിൽ രണ്ടു
കൈകൊണ്ടും ഖഡ്ഗപ്രയോഗം നടത്തി ശത്രുവൃന്ദത്തെ പരാ
ജിതരാക്കി. അവർ പലായനം ചെയ്യുതുടങ്ങി. അന്നേരം
നിണമാറാടിയ പാണിതലങ്ങൾ സ്തംഭിച്ചു സപ്തം നിശ്ചേഷ്ട
തനേരിട്ടതിനാലുമാണു്, പിള്ള വൈരികളാൽ വളയപ്പെ
ട്ടതു്. പടയേററകാലത്തു രണനിപുണനു 32 വയസ്സു പ്രായ
മായിരുന്നു. ഉത്രം നക്ഷത്രജാതനാണു്. യുദ്ധസങ്കേതവും സം
വേഗങ്ങളുമെല്ലാം കേവലം ഊഹഗോചരമല്ല. ദൈവാധീന
ത്താൽ ഇന്നും പ്രത്യക്ഷലക്ഷ്യങ്ങളുണ്ടു്. തെക്കൻ മെയിൻ

റോഡ് നാഗർകോവിലിനു ഏതാണ്ടു പടിഞ്ഞാറു പാർവ്വതീപുരത്തിന്റെ കിഴക്കേറ്റത്തു വെച്ചു് രണ്ടു ശാഖകളായ് പിരിഞ്ഞു പോകുന്നുണ്ടല്ലോ. അതിനു മുമ്പു് ആറുകാൽ കടക്കുന്നു. ആ ചാനലിന്റെ തീരത്തുകൂടി വടക്കോട്ടു പോകുന്ന പാതയെ അനുഗമിച്ചു് അരനാഴിക ചെല്ലുമ്പോൾ കണിയാകുളം പടനിലം ദൃശ്യമാകും. പശ്ചിമാഭിമുഖമായി ഇരട്ട മലയടിയും കണിയാകുളം വെള്ളാളവസതികളുടെ വടക്കു പരുത്തിവിളയും തെക്കുകിഴക്കായിട്ടു ഇശക്കി കുളവും, ക്ഷേത്രവും നമ്മുടെ പടനായകന്റെ കുതിരയും മറുമപായവും പറഞ്ഞ ഇരട്ടക്കളവും കാണാം. ഇതിനു തെക്കു ഈത്തങ്കാട്ടിൽ പ്രതിരോധികൾ കൂടാരമടിച്ചിരുന്നതും സൗകര്യം തന്നെ. ഇവിടത്തെക്കാഴ്ച ഇന്നും ഭയങ്കരമായിരിക്കുന്നു. ഇരട്ടക്കളത്തിനടുത്ത സ്ഥലമെല്ലാം പാടങ്ങളാണെങ്കിലും അതുയരം ഭാഗം പുറംപോക്കായി കിടക്കുന്നു. ഇശക്കി കോവിലിനടുത്തു് വയൽവരമ്പിൽ മഹായജ്ഞം ചെയ്ത പിള്ളയുടെ അന്നത്തെ പ്രായവേഷങ്ങളൊപ്പിച്ചു പണിതിട്ടുള്ള ശിലാവിഗ്രഹം നഷ്ടമെഴുലിയായി സ്ഥിതി ചെയ്യുന്നു. ദർശനമാത്രയിൽ അക്കും രോമാഞ്ചമുണ്ടായിപ്പോകും. മേല്പറഞ്ഞ കണിയാകുളത്തിന്റെ പടിഞ്ഞാറെക്കര പണ്ടത്തെ തിരുവിതാംകൂറിന്റെ തെക്കേൽക, കിഴക്കു വശം നാഞ്ചിനാട്ട് അരുവാമൊഴിക്കിവിടന്നു 12 മയിൽ ദൂരമുണ്ട്. യുദ്ധരംഗം ഇപ്പോൾ അഗസ്തീശ്വരം താലൂക്കിൽ ഉൾപ്പെട്ട വടശ്ശേരിപ്പകുതിയിൽ ചേന്നിരിക്കുന്നു. ഈ ഉജ്ജ്വലപ്രതാപവാന്റെ ഗൃഹം തിരുവിതാംകോട്ടിനടുത്തു കേരളപുരം ക്ഷേത്രത്തിന്റെ ദക്ഷിണരഥവീഥിക്കു സമീപിച്ചു ഒട്ടകെട്ടം ഇടയ്ക്കെട്ടം ചാവടിയും ഇലങ്കവും മാറുമായിട്ടു ഒരു കൊല്ലത്തിനു മുമ്പുവരെ നിലകൊണ്ടിരുന്നു. അന്തഃപുരത്തിൽ സചിവോത്തമന്റെ ഛായ ചിത്രീകൃതമായിരുന്നു. ഈ തറവാട്ടു സംബ

DR. P. C. J. M. L.
VAZHUTHOOR, TRIVANDRUM

സ്ഥിച്ച വസ്തുക്കളെല്ലാം അരുമന അമ്മവീട്ട വകയ്ക്കു ചേർക്കപ്പെട്ടു. ഗൃഹം പൊളിച്ചു മാറിയപ്പോൾ ഭദ്രദേവതയെ അവാഹിച്ചു അരുമനത്തെക്കത്തിൽ കൊണ്ടു പോയി പ്രതിഷ്ഠിച്ചു. ശ്രീരാമവർമ്മ (മൂത്തം തിരുനാൾ) ഗുണവാൻ തിരുമേനി ദക്ഷിണാപഥത്തിൽ കോതയാറിൽ സേതുബന്ധനം ചെയ്ത ദാരിദ്ര്യരൂക്ഷരാക്ഷസന്റെ കണ്ണുതേരടം വരുത്തി ഭൂലക്ഷ്മിയെ വീണ്ടുകൊൾകയാൽ പല അഗ്രഹാരപ്രദേശങ്ങൾക്കും മുക്തിലഭിച്ച കൂട്ടത്തിൽ നമ്മുടെ വീരസത്തമങ്കണവും ഉൾപ്പെട്ടുപോയി. പരപ്രാണരക്ഷാർത്ഥം കണ്ണുത്തിലരിവാൾ കൊള്ളുന്നതിനു തലതാണു നില്ക്കുന്ന നെല്ലുതിരുകൾ തിങ്ങുന്ന വിളഭൂമിയായിട്ട ജനസാദ്ധീനത്തിനോ, ധനലാഭത്തിനോ, യശസ്സിനോ, പെരുമയ്ക്കോ, സ്ഥാനലാഭാദികൾക്കോ അന്തരമായ് ഇയർക്കാതെ സ്വരാജ്യത്തിനെയും, രാജാവിനെയും അന്യത്ഥാഗത്തിൽനിന്നും വിമോചിപ്പിക്കുന്നതിനു മുന്നാക്കം ചെന്നു കഴുത്തു കാണിച്ച പാവനചരിതന്റെ ജന്മഭൂമി പരിലസിക്കുന്നതു ശ്രേയസ്സ്കരം തന്നെ. യുദ്ധാനന്തരം,

"ഏകസുഖമതാക എഴുന്തരുളി
ആറിലൊൻറു * കടമ താണ്ടിനാട്ടമാണ്ടു * നികുതി.
ആണ്ടിരുന്തു ആണ്ടിരുന്താരേ."

ഇരവിക്കുട്ടിപ്പിള്ള ശത്രുക്കളുടെ ഉദ്ദിഷ്ടാഗമിക്കു ഫലവ്യത്യമായ് തീർന്നതിനാൽ രാജ്യത്തിൽ ക്ഷേമവും സമാധാനവുമുണ്ടായി, വഞ്ചീന്ദ്രൻ മുറയ്ക്കു കൂടികളിൽനിന്നും കരം പിരിച്ചു രാജ്യകാര്യങ്ങൾക്കു വിഘ്നം കൂടാതെ നാടു വാണിരുന്നു. ജാതിമതഭേദങ്ങളെ സ്മരിക്കപോലും ചെയ്യാതെ മനുഷ്യസ്നേഹം, പരകർമ്മം, ധർമ്മപ്രകാരം നടത്തി ദേശാഭിമാനത്തെ ശ്രീ

വിധകരുണങ്ങളാലും ആരാധിച്ച നമ്മുടെ രാജ്യക്ഷേമൻ മഹാ
നീയാദർശസമന്വിതം ദിവ്യതേജസ്സിയായി പൂവ്വദിക്കിൽ സു
പ്രഭാതമരുളി, കേരളമാതാവിനെ ആ,

"ബാലാദിത്യൻ കരങ്ങളാൽ
പ്പൊന്നു പൂശുന്നു ശോഭനം."

ശുഭം.

DR. P. C. C. PIGEAUD
VANGHIYOOR, ERNVANDRUM.

S. Vijayamma